PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY
FIRST SESSION—1950
Tuesday, *the 18th April 1950*

Vol. I] OFFICIAL REPORT [No. 30

The Assembly met in the Legislative Chamber, Trivandrum, at 11 of the clock on Tuesday, the 18th April, 1950, with Mr. Speaker in the Chair.

LEGISLATIVE BUSINESS

The Agricultural Income-tax Bill—*(contd.)*

Clause 2

Mr. Speaker: We were at the Agricultural Income-tax Bill, clause 2. Mr. K. Ramakrishna Pillai will now move his amendment.

Sri. K. Ramakrishna Pillai: Sir, I move:

In clause 2, re-arrange the last three sub-clauses in the alphabetical order.

Minister for Finance and Revenue **(Sri. A. J. John):** I accept that amendment.

The amendment was adopted.

The question that clause 2 as amended, stands part of the Bill was put and carried.

Clause 2 as amended was added to the Bill.

Clause 3

Mr. Speaker: Amendments 3, 4, 6 and 7 relate to the same matter and are similar. So, amendment No. 3 standing in the name of Mr. Ambookan, may be moved now.

Sri. Ittiera Ambooken: Sir, I move amendment No. 3. *viz.*

In clause 3(1) of the Bill, add the following proviso:

"Provided that the land revenue payable to the Government in respect of the lands the income of which is included in the Income-Tax return shall be deducted from the Agricultural Income-Tax calculated as above".

സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള കാർഷികാദായനികുതിബില്ലിൽ മൂന്നാമത്തെ ക്ലാസ്സിൽ ഒന്നാം ഉപവകുപ്പിനശേഷം ഈ പ്രൊവൈസോ കൂട്ടുടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി. ഈ ഭേദഗതി ഞാൻ ഈ സഭയുടെ മുമ്പാകെ അംഗീകാരത്തിനായി അവതരിപ്പിച്ചു കൊള്ളുന്നു. സർ, ഏറ്റവും ന്യായമായ ഒരു കാര്യത്തിനുവേണ്ടി വളരെ ഉദ്ദേശശുദ്ധിയോടുകൂടി അവതരിപ്പിക്കുന്ന ഭേദഗതിയാണിതു്. സർ ഇന്നു് ഇവിടെ അവതരിപ്പിച്ചിട്ടുള്ള കാർഷികാദായനികുതിബില്ലിലെ വ്യവസ്ഥ അനുസരിച്ചു് ഒരു കർഷകന്റെ ആദായത്തിൽ ഗവണ്മെണ്ടിലേക്കു കൊടുക്കുന്ന നികുതിയും കൃഷിച്ചിലവും തട്ടിക്കഴിച്ചു് ബാക്കിയുള്ള സംഖ്യക്കു് ഷെഡ്യൂൾ പ്രകാരം കാർഷികാദായനികുതിചുമത്തുവാനാണു് ഇന്നത്തെ ബില്ലിൽ പറഞ്ഞിട്ടുള്ളതു്. എന്നാൽ എന്റെ ഭേദഗതി സ്വീകരിക്കുന്നപക്ഷം ആകെയുള്ള ആദായത്തിൽനിന്നും ഗവണ്മെണ്ടിലേക്കു കൊടുക്കുന്ന നികുതിയും കൃഷിചെലവുകളും തട്ടിക്കഴിച്ചു ഗവണ്മെണ്ടു ചുമത്തുന്നതായ കാർഷികാദായനികുതിയിൽനിന്നും ഗവണ്മെണ്ടിലേക്കു കൊടുക്കേണ്ടതായ ഭൂനികുതി തട്ടിക്കഴിക്കണമെന്നുള്ളതാണു് എന്റെ ഭേദഗതികൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. അതായതു് ഒരു കർഷകനു് ആദായനികുതി ചുമത്തുന്നതായ സംഖ്യ അയ്യായിരം രൂപാ ആണെങ്കിൽ അതിൽനിന്നും കൃഷിചെലവുകൾക്കായി ഉദ്ദേശം ആയിരം രൂപാ ആ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ittiera Ambooken]

ണെന്ന വിചാരിക്കുക. ബാക്കിവരുന്ന നാലായിരം രൂപായ്ക്ക് ഇന്നത്തെ ഷെഡ്യൂൾ അനുസരിച്ച് നികുതിചുമത്തുന്നതു് നൂറോ നൂറ്റിമുപ്പതോ രൂപായായിരിക്കും. അതിൽനിന്നും ഗവൺമെണ്ടിലേക്കു കൊടുക്കേണ്ടതായ മുപ്പതോ നാല്പതോരൂപാവരുന്ന ട്രേനികുതി ഇളവു ചെയ്യണമെന്നാണു് ഞാൻ ആവശ്യപ്പെട്ടതു്.

സർ, ഇന്നു കാർഷികാദായനികുതി യഥാർത്ഥത്തിൽ ഭൂമിയിൽനിന്നും ഇടാക്കുന്ന ഒരു തരം നികുതിയായിട്ടാണു് എനിക്കു തോന്നുന്നതു്. അങ്ങിനെ വരുമ്പോൾ അതു് ഒരു ഡബ്ബിൾ ടാക്സേഷനാണു്. ഈ ഐക്യസംസ്ഥാനത്തെ വരവിൽനിന്നും ഒരു വലിയ പങ്കു സെട്രൽ ഗവൺമെണ്ടു കൊണ്ടുപോയതുകൊണ്ടു് ഇവിടെ കാർഷികാദായനികുതിചുമത്തേണ്ടതായ ഒരു പരിതഃസ്ഥിതി ഉണ്ടായി എന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഇപ്രകാരം ഒരു കാർഷികാദായനികുതി ഏർപ്പെടുത്തുന്നതിൽ ഈ നാട്ടിലെ കർഷകർക്കു് ആക്ഷേപം ഉണ്ടാകുന്നതല്ല. പക്ഷേ, ഈ കാർഷികാദായനികുതി ചുമത്തുന്ന സംമ്പ്രദായത്തിൽ ഒരു ഐകരൂപ്യവും നീതിയും വേണമെന്നുള്ളതാണു് ഞാൻ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്.

സർ, ഈ ഐക്യസംസ്ഥാനത്തിൽ ഈ കാർഷികാദായനികുതി ചുമത്തിയും മറ്റുമുള്ള മാലുകൾ മുതലും കൂടാതെയും ഈ സംസ്ഥാനത്തിന്റെ നിലനില്പിനു മറ്റേതെങ്കിലും പ്രാവിൻസുകളോടുലയിച്ചുകൊള്ളുന്നതോ എന്നാണു് ഞാൻ ചോദിക്കുന്നതു്. സർ, അതു് ഒരു തർക്ക വിഷയമാണു്. വളരെ അഭിപ്രായ വ്യത്യാസങ്ങളുള്ള കാര്യവുമാണു്. എന്നാൽ ഇന്നു് ഈ ഐക്യസംസ്ഥാനമാകുന്ന കപ്പൽ ഈ ഇഡ്യൻ യൂണിയനാകുന്ന സമുദ്രത്തിൽ താണും വീണും ഉയർന്നും താണും അങ്ങിനെ സഞ്ചരിക്കുകയാണു്. എന്നാൽ ആ കപ്പലിനെ രക്ഷിക്കണമെന്നുള്ളതല്ല അധ്യക്ഷപതിപ്പിക്കണമെന്നുള്ളതാണു് ചില തല്പരകക്ഷികളുടെ ഉദ്ദേശം. ഈ ഐക്യനാടിന്റെ നിലനില്പിനു ശ്രമിക്കുന്ന ഒരാൾ എന്ന നിലയിലാണു് ഞാൻ ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

എതാണ്ടൊരായിരം കൊല്ലങ്ങൾക്കപ്പുറം വരെ കേരളീയ സംസ്കാരത്തെ നിലനിർത്തിക്കൊണ്ടു പോകണമെന്ന താല്പര്യമുള്ള മലയാളികൾ യാതൊരു കാരണവശാലും ആന്ധ്രാദേശക്കാർക്കു് അടിമകളായി പോകരുതെന്നു് ആത്മാർത്ഥമായി അഭിലഷിക്കുന്ന നിഷ്പക്ഷബുദ്ധികളായ മലയാളികൾ ഈ രാജ്യത്തിന്റെ നിലനില്പിനുവേണ്ടി ഇതിലും വലുതായ കാർഷികാദായനികുതി ചുമത്തിയാലും ആക്ഷേപിക്കയില്ല.

ഇങ്ങനെ അന്യായമായി നികുതിചുമത്തി ഐക്യസംസ്ഥാനത്തെ സംരക്ഷിക്കാം എന്നു തീരുമാനിക്കാതെ കൃഷിക്കാർക്കും കർഷകതൊഴിലാളികൾക്കും പ്രോത്സാഹനം നൽകണമെന്നുള്ളതാണു് ഞാൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയുടെ സാരം. ഈ രാജ്യത്തു കാർഷികാദായനികുതി മൂന്നു് ഈ രണ്ടു രാജ്യങ്ങളിലേയും ട്രേനികുതിക്കു് ഒരു ഐകരൂപ്യം വരുത്തിയില്ല. അതിലേക്കു ഗവൺമെണ്ടു് ഇതുവരെ ഒന്നും ചെയ്തിട്ടില്ല എന്നുള്ളതാണു് പ്രധാനമായ ഒരാക്ഷേപം. സർ, ഈ ഐക്യസംസ്ഥാനത്തിന്റെ വടക്കേ ഭാഗമായ കൊച്ചിയിൽ ഒരുവിധത്തിലുള്ള നികുതിയും തെക്കുഭാഗമായ തിരുവിതാംകൂറിൽ മറ്റൊരുവിധത്തിലുള്ള നികുതിയുമാണു് നിലവിലിരിക്കുന്നതു്. ഈ അജഗജാന്തരത്തിനു യാതൊരു പരിഹാരവും ഉണ്ടാക്കിയിട്ടില്ല. അതിലേക്കു് ഇപ്പോൾ ഒരു ട്രേനയകമ്മിറ്റിയെ ഏർപ്പെടുത്തിയിട്ടുണ്ടു്. അതും വെറും ഒരു കയുക്തിയുടെ ഫലമായിട്ടുമാത്രം ഉണ്ടായിട്ടുള്ളതാണു്. ഈ നികുതി സമീകരണകാര്യത്തിൽ ഗവൺമെണ്ടു് ഒരു അലസതയാണു് കാണിക്കുന്നതെന്നുള്ളതു് പ്രതിഷേധാർഹമാണു്. ഇപ്പോൾതന്നെ തുടങ്ങാൻ വയ്യാത്ത നഷ്ടമാണു് വടക്കേ ഭാഗത്തേ അതായതു് കൊച്ചിലെ കർഷകർക്കും ഭൂമി ഉടമസ്ഥന്മാർക്കും ഉണ്ടായിരിക്കുന്നതു്. അതിനു സ്വല്പം ആശ്വാസം ഉണ്ടാകുവാൻ വേണ്ടിയാണു് ഞാൻ ഈ ഭേദഗതി ഇവിടെ ഹാജരാക്കിയിരിക്കുന്നതു്. എന്നാൽ ഈ ഭേദഗതികൊണ്ടു് അതിനു പൂർണ്ണമായ പരിഹാരമുണ്ടാകുമെന്നു് എനിക്കു വിശ്വാസമില്ല. എന്റെ ഭേദഗതിസ്വീകരിക്കുന്നപക്ഷം തിരുവിതാംകൂറിലെ ഭൂമിഉടമസ്ഥന്മാർക്കും കുറെ മെച്ചം ഉണ്ടാകുമെന്നെനിക്കറിയാം. ഞങ്ങൾക്കതിൽ ഒട്ടും അസൂയയില്ല. അങ്ങിനെ കുറവുകിട്ടും എന്നുവരുന്നതിൽ ഞങ്ങൾക്കുകൂടുതൽ സന്തോഷമാണുള്ളതു്.

സർ, ഇവിടെ വാസ്തവത്തിൽ ഇന്നു പ്രധാനമായി എല്ലാകാര്യങ്ങളിലും ഒരു വ്യത്യസ്തമനസ്ഥിതിയാണുള്ളതു്. ഇന്നും ഇതു രണ്ടു പ്രത്യേക രാജ്യങ്ങളായിട്ടാണു് കരുതുന്നതു്. ഒരേ ഗവൺമെണ്ടിന്റെ കീഴിൽ രണ്ടു രാജ്യങ്ങളും കൊണ്ടുവരപ്പെട്ട എങ്കിലും ആ വിചാരം

LIBRARY ARCHIVES Kerala Legislative Assembly

ഇന്നും തുടർന്നുവരുന്നു. അതിനുള്ള പ്രധാന കാരണം ഈ നികുതി വ്യത്യാസമാണു്. അതു് ഇല്ലായ്മ ചെയ്യണമെന്നും നികുതി ഏകീകരിക്കണമെന്നും എനിക്കൊരുപക്ഷയുണ്ടു്. അതു് ഈ സഭയിൽ നോക്കുമ്പോൾ തന്നെ ഇന്നു കൊച്ചിയിലെ മെമ്പറന്മാരെന്നും തിരുവിതാംകൂറിലെ മെമ്പറന്മാരെന്നും ഒരുവ്യത്യാസമുള്ളതായി കാണാൻ കഴിയും. സർ, എനിക്കു പറയാനുള്ളതു് ഈ വലിയ വ്യത്യാസങ്ങൾ പരിഹരിച്ചു് കർഷകർക്കും കർഷകത്തൊഴിലാളികൾക്കും നീതി ലഭിക്കണമെന്നാണു്.

സർ, മറ്റൊരുകാര്യം, ഈ കാർഷികാദായനികുതി ഈടാക്കുന്നതു സംബന്ധിച്ചു തിരുതിതാംകൂറിലാണെങ്കിൽ കുരുമുളകു്, ഏലം, റബ്ബർ മുതലായ കൃഷിസ്ഥലങ്ങളാണു് കൂടുതലുള്ളതു് എന്നാൽ അതിനു ബദലായി കൊച്ചിയിൽ കശുമാവു തോട്ടങ്ങളും കമുകിൻ തോട്ടങ്ങളുമാണുള്ളതു് എന്നു് ഗവൺമെണ്ടു് ഓർക്കണം. അങ്ങിനെ ആദായത്തിൽ വളരെ അധികമെച്ചമുള്ള കൊച്ചിയും തിരുവിതാംകൂറുമായി തുലനം ചെയ്തു നോക്കുമ്പോൾ കൊച്ചിയിലുള്ളവർ തിരുവിതാംകൂറിലുള്ളവരേക്കാൾ നാലുതോ അൻപതോ ഇരട്ടി നികുതികൊടുക്കുന്നുണ്ടെന്നു കാണാം. ഈ വക കാര്യങ്ങളെ സംബന്ധിച്ചു് ഗവർമ്മെണ്ടു്. ഏതെങ്കിലും ഒരു നടപടി ആത്മാർത്ഥതയോടുകൂടി ഇതിനകം എടുത്തിരുന്നെങ്കിൽ ഇപ്രകാരം ഒരു ഭേദഗതി ഇവിടെ ഞാൻ അവതരിപ്പിക്കുന്നതിനിടവരികയില്ലായിരുന്നു. ഇന്നുവരെ ഗവൺമെണ്ടു് അതിനുവേണ്ടി യാതൊരു പരിശ്രമവും ചെയ്തിട്ടില്ലെന്നു മാത്രമല്ല അതിനുള്ള ഒരു അവസരം കൂടി ഉണ്ടാക്കിയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

സർ, ഇന്നു അവകാശമില്ലാത്ത തരത്തിൽ വളരെ അധികം അംശങ്ങൾ ഈ സഭയിൽ കൊച്ചി വിഭാഗത്തു നിന്നും വന്നിട്ടുണ്ടു്. ശരിയായ പ്രാതിനിദ്ധ്യം അനുസരിച്ചുള്ള തോതിലാണെങ്കിൽ കൊച്ചീക്കാക്കു് ഇത്രയും സീറ്റിനവകാശമില്ല. അടുത്ത തെരഞ്ഞെടുപ്പിനു് തീർച്ചയായും കൊച്ചിവിഭാഗത്തിനു് പതിനാലോ പതിനഞ്ചോ സീറ്റുകൾ മാത്രമേ ഉണ്ടാകയുള്ളൂ. ഇന്നു് ഇത്രയും അംശങ്ങൾ ഉണ്ടായിട്ടുകൂടി ഇത്രയും പ്രാധാന്യമർഹിക്കുന്ന കാര്യങ്ങൾനടത്തുവാൻ സാധിക്കാതെയിരിക്കുന്ന സ്ഥിതിക്കു് അന്നത്തെ ഗവൺമെണ്ടു് ഈ നികുതി സമീകരണം വരുത്തുമെന്നു് വിചാരിക്കാൻ യാതൊരു വഴിയും കാണുന്നില്ല. അതുകൊണ്ടു് ഇന്നു തന്നെ ഈക്കാര്യത്തിൽ ഈഗവൺമെണ്ടിന്റെ കാലാവധി അവസാനിപ്പിക്കുന്നതിനു മുമ്പായി ഈ നികുതി സമീകരണം നടപ്പിലാക്കണമെന്നു് എനിക്കൊരഭ്യർത്ഥനയുണ്ടു്.

സർ, ഇന്നു കൊച്ചിയിലെ ജനങ്ങൾ വളരെ അതായതു് തൊണ്ണൂറു ശതമാനവും അതുപ്പുരാണു്. അവർ ഇന്നത്തെ ഗവൺമെണ്ടിനോടും കാൺഗ്രസു് പാർട്ടിയോടും അസംതൃപ്തിയുള്ളവരാണു് എന്നാണു് എനിക്കറിയുവാൻ കഴിഞ്ഞിട്ടുള്ളതു്. ഒരുപക്ഷെ ഞാൻ ഇതു സാധാരണഗതിയിൽ പറഞ്ഞിട്ടുള്ള ഒരു പ്രസ്താവനയാണെന്നു് തോന്നിയിരിക്കും. കഴിഞ്ഞ പൂമംഗലം തെരഞ്ഞെടുപ്പുകൊണ്ടു കാൺഗ്രസു് പാർട്ടിയോടു് ജനങ്ങൾക്കു് അസംതൃപ്തിയാണുള്ളതെന്നു തെളിയിച്ചിട്ടുണ്ടു്. പക്ഷെ ആ തെരഞ്ഞെടുപ്പിന്റെ ഫലം വച്ചുകൊണ്ടു് അഞ്ചിനെ കൊച്ചിയിലെ ജനങ്ങൾ അതൃപ്തരല്ലെന്നു് ഗവൺമെണ്ടു വിചാരിക്കുന്നുണ്ടെങ്കിൽ അവർ മൂഡസ്വർഗ്ഗത്തിലാണു് ജീവിക്കുന്നതെന്നു ഞാൻ പറയുന്നു. ഇപ്പോൾ എറണാകുളം പട്ടണത്തിലും തൃശ്ശൂർ പട്ടണത്തിലും ഒരു ഉപതെരഞ്ഞെടുപ്പു നടത്തുന്നപക്ഷം തീർച്ചയായും ഇരുപതു ശതമാനം എങ്കിലും വോട്ടുകൾ കാൺഗ്രസു് പാർട്ടിക്കു ലഭിക്കുമോ എന്നെനിക്കു സംശയമാണു്.

Mr. Speaker: These observations are not relevant to the question before the House.

ശ്രീ. ഇട്ടീര അംബുക്കൻ: കാർഷികാദായ നികുതി ചുമത്തുന്ന കാര്യത്തിൽ കൊച്ചിയിലെ ജനങ്ങൾക്കു് കഠിനമായ പ്രതിഷേധമുണ്ടെന്നും കാരണം ഈനികുതിയിലുള്ള വ്യത്യാസമാണെന്നും അങ്ങിനെ ഒരു പ്രതിഷേധം ഉണ്ടോ എന്നു പരിശോധിക്കുന്നതിനു് ഒരു ഉപതെരഞ്ഞെടുപ്പു നടത്തണമെന്നുമാണു് ഞാൻ പറഞ്ഞതിന്റെ സാരം.

ശ്രീ. ഏ. சிதம்பரநாத நாடார்: கொச்சியிலுள்ள யாவரும் இதை எதிர்க்கிறார்கள் என்று சொன்னீர்களே, இங்கேயுள்ள எல்லா கொச்சி மெம்பர்களும் இதை எதிர்க்கிறார்களா?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടീര അംബുക്കൻ : പാർട്ടിയുടെ ചട്ടക്കൂട്ടിൽ കിടന്നു സ്വന്തം അഭിപ്രായം തുറന്നു പറയാൻ സാധിക്കാത്ത കുറെ മെമ്പറന്മാർ ഈ കാര്യത്തിലെന്നല്ല ഇതിലും കഷ്ടതരമായ നികുതികളും ചുമത്തുന്ന കാര്യത്തിലും കൈപൊക്കാൻ നിർബ്ബന്ധിതരാകുമെന്നുള്ളതു എനിക്കും ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണു്. ഇന്നു കൊച്ചി വിഭാഗത്തിൽ നിന്നും ഈ കാബിനറ്റിലുള്ള ഏകമന്ത്രിയായ ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോടതന്നെ ഞാൻ ചോദിക്കുന്നതു് ഇന്നത്തെ പരിതസ്ഥിതിയിൽ അദ്ദേഹത്തിനെറനാട്ടിൽ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഒരു വോട്ടിനു നില്ക്കുകയാണെങ്കിൽ അദ്ദേഹത്തിനു് അന്നു ലഭിച്ച വോട്ടിന്റെ ഒരു പത്തു ശതമാനമെങ്കിലും ലഭിക്കുമോ എന്നാണു്.

ശ്രീ. പി. കെ. ഡിവർ : ബഹുമാനപ്പെട്ട മെമ്പർക്കു് രാജിവച്ചിട്ടു് ഒരു തെരഞ്ഞെടുപ്പിനു നില്ക്കാമോ ?

ശ്രീ. ഇട്ടീര അംബുക്കൻ : തീർച്ചയായും ബഹു. മന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ രാജിവച്ചു് തെരഞ്ഞെടുപ്പിനു നിൽക്കാൻ തയ്യാറാകുമെങ്കിൽ ഞാനും അതിനു തയ്യാറാണു്. ഞാൻ ഇതു കളിയായി പറയുകയാണെന്നോ ദോഷംകൂ പറയുകയാണെന്നോ അതെങ്കിലും തെറ്റിദ്ധരിക്കുന്നെങ്കിൽ അതു ശരിയല്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കൊച്ചിയിലെ ജനങ്ങളുടെ അഭിപ്രായം ഞാൻ അറിഞ്ഞിട്ടുണ്ടു്. കൊച്ചിയിലെ ജനങ്ങൾ കോൺഗ്രസ് ഭരണത്തിനു് എതിരായി അണിനിരന്നിട്ടുണ്ടെന്നുള്ള സംഗതി ഞാൻ മറച്ചുവയ്ക്കുന്നില്ല.

ഇന്നു നികുതി സമീകരിക്കാൻ മൂന്നുമാസ്സങ്ങളാണുള്ളതു്. ഒന്നുകിൽ തിരുവിതാംകൂറിലെ നികുതി വർദ്ധിപ്പിക്കണം. അല്ലെങ്കിൽ കൊച്ചിയിലെ നികുതി കുറക്കണം. ഇതുരണ്ടുമല്ലെങ്കിൽ കൊച്ചിയിലെ നികുതി കുറച്ചു കുറച്ചു് തിരുവിതാംകൂറിലെ കുറച്ചുകൂടിക്കൂട്ടി ഒരു മദ്ധ്യനിലയിൽ കൊണ്ടുവരണം. ഇന്നത്തെ പുറപാട്ടകളിൽ ഇതു മൂന്നും ശവമ്മെണ്ടു സ്വീകരിക്കയില്ലെന്നു എനിക്കു നല്ല ബോദ്ധ്യമുണ്ടു്. കൊച്ചിയിലെ നികുതി കുറക്കുകയാണെങ്കിൽ ഈ ശവമ്മെണ്ടിനു് താങ്ങാൻ പാടില്ലാത്ത ഒരു വലിയ നഷ്ടം വന്നു ചേരും. അതു ചെയ്യണമെന്നു് ഞാൻ ഈ ശവമ്മെണ്ടിനെ ഉണർത്തിക്കുന്നില്ല. മറ്റു രണ്ടുമാർഗ്ഗങ്ങളും തെരഞ്ഞെടുപ്പു് അടുത്തിരിക്കുന്ന ഈ കാലഘട്ടത്തിൽ.....

ശ്രീ. എ. താണുപിള്ള : കൊച്ചിയിലെ നികുതി എത്രയാണെന്നു പറയാമോ ?

ശ്രീ. ഇട്ടീര അംബുക്കൻ : അതിന്റെ വിശദാംശങ്ങളിലേക്കു് ഞാൻ പ്രവേശിക്കുന്നില്ല. എന്തുതന്നെയായാലും ഇന്നത്തെ പരിതസ്ഥിതിയിൽ തിരുവിതാംകൂറിലെ നികുതി ഒരു കാലണാപോലും ഈ ശവമ്മെണ്ടു് തിരഞ്ഞെടുപ്പു് അടുത്തിരിക്കുന്ന ഈ കാലഘട്ടത്തിൽ വർദ്ധിപ്പിക്കുകയില്ലെന്നു എനിക്കു് വളരെ ഉറപ്പായ വിശ്വാസമുണ്ടു്. ഒരു പൈ എങ്കിലും നികുതി വർദ്ധിപ്പിക്കുകയാണെങ്കിൽ കോൺഗ്രസ് പാർട്ടിയുടെ തിരുവിതാംകൂറിലുള്ള നിലനില്പു് നാളെ അവസാനിക്കുമെന്നു എനിക്കു് അറിയാം.

മിസ്റ്റർ സ്പീക്കർ : കൊച്ചിയിലെ നികുതിയും തിരുവിതാംകൂറിലെ നികുതിയും തമ്മിലുള്ള അന്തരം ചർച്ചയ്ക്കു് വിഷയമാക്കേണ്ടതില്ല.

ശ്രീ. ഇട്ടീര അമ്പുക്കൻ : സർ, ഈ നികുതിയിലുള്ള വലിയ വ്യത്യാസമാണു് എന്റെ ഭേദഗതിതന്നെ ഇവിടെ അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചതെന്നുള്ളതു കൊണ്ടാണു് ഞാൻ അതുസംബന്ധിച്ചു് പറയാൻ ഇടയായതു്. എന്നാൽ റൂളിംഗിനു വിധേയമായി ഭേദഗതിയെ സംബന്ധിച്ചുതന്നെ പറയാം.

ഇന്നു കാർഷികാദായനികുതി ചുമത്തപ്പെടുന്ന നെൽകൃഷിക്കാരുടെ കഥപറയാം. 6000 രൂപാ കാർഷികാദായനികുതിക്കു് വിധേയരായിത്തീരുന്നതിനു് വരവുള്ള ഒരു നെൽകൃഷിക്കാരൻ ഇന്നു ശവമ്മെണ്ടിന്റെ വിലത്തോതനുസരിച്ചു് ചുരുങ്ങിയതു് നൂറു പറ നെല്ലു് ശവമ്മെണ്ടിലേക്കു് അളക്കണം. എന്നാൽ ശവമ്മെണ്ടു് ഇന്നു കൃഷിക്കാർക്കു് കൊടുക്കുന്ന വിലയും ഉപഭോക്താക്കൾക്കുകൊടുക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസമായ പത്തു പന്ത്രണ്ടണ കൃഷിക്കാർക്കുലഭിക്കേണ്ടതാണു്. സാധുക്കളായ ആളുകൾക്കു് ഈ വ്യത്യാസത്തിന്റെ ഗുണം ലഭിക്കുമായിരുന്നെങ്കിൽ കൃഷിക്കാർ അതിൽ വളരെ സന്തോഷിച്ചേനേ. എന്നാൽ ഒരു കച്ചവടക്കാരനും എടുക്കാനവകാശമുള്ള ഒരു പറക്കു് നാലണ എന്നു കണക്കു

LIBRARY ARCHIVES Kerala Legislative Assembly

ക്കികൊള്ളുക. അതിൽ കൂട്ടതലായിവരുന്ന ഏഴോ എട്ടോ അണ കൃഷിക്കാരുടെ കൈയ്യിൽ നിന്നു് ഗവണ്മെണ്ടു് കൂട്ടതലായി എടുക്കുകയാണു്. ആ നിലയിൽ ൩൦൦൦ പറനെല്ലു് ഗവണ്മെണ്ടിലേക്കു് അളക്കുമ്പോൾ ൧൫൦൦ രൂപാ പ്രതിവർഷം ഈ ഗവണ്മെണ്ടിനെ നിലനിത്താൻ കൃഷിക്കാരൻ നികുതികൊടുക്കുന്നുണ്ടു്. അങ്ങനെ വലിയ ഒരു സംഖ്യ നഷ്ടപ്പെട്ടുകൊണ്ടു് ഈ ഗവണ്മെണ്ടിനെ നിലനിത്തിപ്പോരുന്ന ഈ രാജ്യത്തിന്റെ നട്ടെല്ലായ കൃഷിക്കാരനെ ഈ വമ്പിച്ച ഭാരത്തിൽനിന്നും കുറെയെങ്കിലും ഒഴിവാക്കുമെന്നുള്ള അതി പ്രായത്തോടും വിശ്വാസത്തോടുംകൂടിയാണു് ഞാൻ ഭൂനികുതി കൊടുക്കുന്ന സംഖ്യ കാർഷികാദായ നികുതിയിൽ നിന്നും കിഴിക്കണമെന്നു് ആവശ്യപ്പെട്ടതു്. അപ്രകാരം പ്രവൃത്തിക്കുന്നതുകൊണ്ടു് ഉണ്ടാകാൻ ഇടയുള്ള നഷ്ടം നികത്താനായിട്ടു് സെലക്ട് കമ്മറ്റി ചില ഭേദഗതികളും നിർദ്ദേശിച്ചിട്ടുണ്ടു്. സൂപ്പർ ടാക്സു് ആദ്യം അവതരിപ്പിച്ച ബില്ലിൽ ഉണ്ടായിരുന്നില്ല. അതു് ഇപ്പോൾ ചേർത്തിട്ടുണ്ടു്. ആദ്യത്തെ പോർഷനു് അതുപോലെയെന്നുള്ളതു് ഇപ്പോൾ മുക്കാലണ എന്നാക്കിയിട്ടുണ്ടു്. അങ്ങനെ ആലോചിക്കുമ്പോൾ ഗവണ്മെണ്ടിനു് എന്റെ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു നഷ്ടം ഒന്നും ഉണ്ടാകാൻ പോകുന്നില്ല. ഈ ഭേദഗതി സ്വീകരിച്ചാലും കൊള്ളാം സ്വീകരിച്ചില്ലെങ്കിലും കൊള്ളാം ഇതു് ഒരു ൫൦൦—൬൫൦ പേരെ മാത്രമെ ബാധിക്കുകയുള്ളു. ഈ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു് കൊണ്ടു് കൊച്ചി വിഭാഗത്തിലുള്ള ഒരു ജനസമൂഹം ജനസാധാരണപ്പറ്റെ കൃഷിക്കാർക്കു മാത്രമെ ആശ്വാസം ഉണ്ടാകാൻ പോകുന്നുള്ളു. പ്രധാനമായിട്ടുള്ള ഭൂനികുതി ശ്രീ. പട്ടംതാണുപിള്ള സംശയിച്ചതു പോലെ കൊച്ചിക്കാരാണു് കുറവായി കൊടുക്കുന്നതെങ്കിൽ അതു് കൂട്ടികൊടുക്കാൻ അവർ തയ്യാറാണു്. എന്തുതന്നെയായാലും ഭൂനികുതിയിൽ ഒരു സമീകരണമുണ്ടാക്കണമെന്നാണു് എന്റെ അഭ്യർത്ഥന. അതിനു് ഭൂനികുതികമ്മിറ്റിയുടെ ശുപാർശ കാത്തിരിക്കേണ്ടതുണ്ടെങ്കിൽ അതിനിടക്കുള്ള കാലത്തു കൊച്ചിക്കാർ കൊടുക്കുന്ന സംഖ്യ വീട്ടുകൊടുക്കാമെന്നൊരു പ്രഖ്യാപനമെങ്കിലും ചെയ്യാൻ തയ്യാറാകുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണു്."

ശ്രീ. സി. വി. ഇയ്യു: മിസ്റ്റർ അയ്യക്കന്റെ ഭേദഗതിയോടു തുല്യഫലം ചെയ്യുന്ന ഒരു ഭേദഗതിയാണു് എന്റെയും ഭേദഗതി. പക്ഷെ എന്റെ ഭേദഗതി കൊച്ചിയിലേയും തിരുവിതാംകൂറിലേയും നികുതിവ്യത്യാസങ്ങളെക്കുറിച്ചു വിശദമാക്കി കാണിക്കുന്ന ഒന്നാണു്. തിരുവിതാംകൂറിലെ ബേസിക് ടാക്സു് കൂട്ടൽ സംബന്ധിച്ചു് വളരെ ആക്ഷേപങ്ങൾ നടന്നതായി എനിക്കറിയാം. പക്ഷെ കൊച്ചിയുമായി താരതമ്യപ്പെടുത്തുന്നപക്ഷം ഇവിടെ സെൻറിനു് ൩ പൈസയാക്കിയിട്ടപോലും കൊച്ചിയുടെ തോതിലായില്ലെന്നുള്ളതു് പ്രത്യേകം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. കൊച്ചിയിൽ നിലങ്ങൾക്കും, പയറുപാട്ടം പറമ്പുകൾക്കും, ഫലവൃക്ഷങ്ങൾ ഉള്ള പറമ്പുകൾക്കും മുന്നു രീതിയിലാണു് ഭൂനികുതി. നിലങ്ങൾതന്നെ ഓരോ താലൂക്കുകളിലും മൂന്നും നാലും തരമായി ഭാഗിച്ചിട്ടുണ്ടു്. രണ്ടണ മുതൽ രണ്ടുരൂപാവരെ നികുതി കൊടുക്കുന്ന പറമ്പുകൾ ഉണ്ടു്. പറമ്പുകൾക്കു് വൃക്ഷനികുതി കണക്കാക്കിയിരിക്കുകയാണു്. രണ്ടുരൂപാവീതം ഏക്കറിനു് നികുതിയുള്ള പറമ്പുകൾ തെങ്ങോ കവുങ്ങോ ഉണ്ടാകുന്ന പറമ്പുകളാണു്. അതായതു് പാറക്കുന്നില്ലാത്ത വെള്ളമുള്ള സ്ഥലമായിരിക്കും. അങ്ങനെയുള്ള സ്ഥലത്തു് ഒരു കമുകു വച്ചിട്ടുണ്ടെങ്കിൽ അതിനു് ൪ പൈ അഡിഷണൽ ടാക്സു് കൊടുക്കണം. തെങ്ങിനു് മൂന്നും മൂന്നരയും അണ നികുതി കൊടുക്കണം. ഇങ്ങനെ ഒരേക്കറിനു് ൨ രൂപാവരെ നികുതി വരുന്നു. തലപ്പുള്ളി താലൂക്കിലും കൊച്ചികണയന്നൂരും തെങ്ങു് നല്ലവണ്ണം ഉണ്ടാകുന്ന പ്രദേശങ്ങളായതുകൊണ്ടു് മിക്കവാറും ഒരു തെങ്ങിനു് ൩ അണയും മൂന്നര അണയും നികുതി ചുമത്തിയിട്ടുണ്ടു്. ഒരേക്കറിൽ സാധാരണ ൭൫–൦ വ്യ ൦–൦ തെങ്ങു് ഉണ്ടാകും. തെങ്ങിന്റെ അനുഭവം നോക്കിയാണു് ആദായനികുതി ചുമത്തുന്നതു്: തെങ്ങിനു് മൂന്നര അണവീതം കണക്കാക്കുമ്പോൾ സാധാരണയായി ഒരു ഏക്കറുള്ള തെങ്ങിൻതോപ്പിനു് ൧൩ രൂപ ഭൂനികുതിവരും. ചിലടത്തു് ൨൦ രൂപായുംവരും. അങ്ങനെ ഒരു ൨൦ ഏക്കർ തെങ്ങുംപറമ്പിൽനിന്നു് യാതൊരു പ്രയാസവുമില്ലാതെ ൩൦൦ തെങ്ങു് ഉണ്ടാകും. അതിനു് ൯൫ രൂപയിൽ ചിലപ്പോൾ ഇൻകംടാക്സു് വരും. അതോടുകൂടി ൨ രൂപാവച്ചു് ഭൂനികുതിയും കൊടുക്കണം. തിരുവിതാംകൂറിലാണെങ്കിൽ ബേസിക്കാക്സു് ൧൫ രൂപയിൽ ചിലപ്പോൾ വരുകയുള്ളു. കൊച്ചിയിൽ കൃഷിക്കാരൻ ഭൂനികുതി കൊടുക്കേണ്ടതുകയും ആദായനികുതി കൊടുക്കേതുതുകയും.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : ആകെക്കൂടി കൊച്ചിയിൽ ഭൂനികുതി എന്തു വരുമെന്നാണ് ഞാൻ ചോദിക്കുന്നത്. ഞാൻ ആദ്യം ചോദിച്ചത് മിസ്റ്റർ അയ്യക്കൻ തെറ്റിദ്ധരിക്കുകയാണുണ്ടായത്.

ശ്രീ. സി. വി. ഇയ്യു : ആകെക്കൂടി ൧൦,൫൧,൫൦ വുരുപ്പായാണ്. അതിൽ പറമ്പു നികുതിതന്നെ ൩, ൫൬,൩൭൫ രൂപാവരും. അതിനുംപുറമെ എഴലക്ഷത്തിൽ ചിലപ്രാവശ്യം രൂപാ നിലനികുതി കിട്ടുന്നുണ്ട്. പത്തിൽ എഴവീതം നിലത്തിൽനിന്നുമാണ് നികുതി കിട്ടുന്നത്. പല നിലങ്ങളിലും മൂന്നു കൃഷിയുണ്ട്. ചിലടത്തു് രണ്ടുകൃഷിയേ കാണുകയുള്ളൂ. നിലത്തിന്റെ നികുതിയുടേയും പറമ്പിന്റെ നികുതിയുടേയും തോതുവച്ചു നോക്കുമ്പോൾ ഒരേക്കറിനു് ൫൨ രൂപ. ൪ അണ. ൯ പൈ. നികുതി കൂടുതൽ കൊച്ചിക്കാർ കൊടുക്കണം. കവുങ്ങു് കൃഷി ആദായകരമായ ഒരു കൃഷിയല്ല. കവുങ്ങിനു ഒരു ഏക്കറിനു് ൫ രൂപ. ൯ ണ. ൯ പൈ കൂടുതൽ കൊടുക്കണം. നിലത്തിനു് ഏഴര രൂപാ കൂടുതൽ കൊടുക്കണം. അതിലേക്കു് എളുപ്പമുള്ള ഒരു മാർഗ്ഗം ആദായനികുതി കൃഷിച്ചിലവു മാത്രം കഴിച്ചു് രണ്ടുകൂട്ടർക്കും ചുമത്തി അതിൽനിന്നും ഭൂനികുതി ഓരോ കൂട്ടരും കൊടുക്കുന്നതു് കുറക്കുക എന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ ഗവണ്മെണ്ടിനു് നഷ്ടം വരികയില്ല. എന്നാൽ ഗവണ്മെണ്ടിന്റെ ഇന്നത്തെ ധനസ്ഥിതിയെകൂടി പരിഗണിച്ചുനോക്കുമ്പോൾ കൊച്ചിയിലുള്ള കൃഷിക്കാർക്കു് ലാൻഡു് കമ്മറിയുടെ തീരുമാനം വരുന്നതുവരെ ഒരു എക്സ്ട്രാ കൂട്ടിവു് ആർഡർ പ്രകാരം നികുതി പകുതിവീതം കുറവുചെയ്തുകൊടുക്കണമെന്നാണു എനിക്കു പറയാനുള്ളതു്. ഇങ്ങനെ നികുതി കൂട്ടുന്നതു് ഒരു അനേക്ഷണത്തിന്റെ ഫലമായിട്ടല്ലെന്നു തോന്നുന്നു. കൊച്ചിയിൽ ആകെ കിട്ടുന്ന ഭൂനികുതിയിൽ ൫൦ ലക്ഷം രൂപ അവിടെ ചിലവു ചെയ്യുന്നുണ്ടു്. അതുകൊണ്ടാണു് നികുതിയിൽ ൫൦ ശതമാനം കുറച്ചു് കൊടുക്കണമെന്നു പറയുന്നതു്. ഞാൻ പറയുന്നതു് പയറുപാട്ടം പറമ്പു ഉടമസ്ഥന്മാരെ സംബന്ധിച്ചാണ്. ഈ സംഗതി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തേണ്ട ആവശ്യം വാസ്തവത്തിൽ എനിക്കില്ലായിരുന്നു. കാരണം നികുതിവിഷയത്തിൽ എതിർപക്ഷക്കാർ ഗവണ്മെണ്ടിനെ Unpopular ആക്കുകയാണു് ചെയ്യുന്നതു്. ഞാൻ അതു ചെയ്യുന്നില്ലായെന്നേയുള്ളൂ: ഇംഗ്ലീഷ് ഭരണം നിലവിലിരുന്നകാലത്തും നികുതി കൂട്ടി കൊച്ചിക്കാരെ ദ്രോഹണം ചെയ്തിട്ടില്ല. എന്നാൽ അതിനു മുമ്പു് അതായതു് ടിപ്പുവിന്റെ കാലത്തു് കൊച്ചിയിൽനിന്നും നികുതിപിരിച്ചു് വളരെ കൂടുതൽ സംഖ്യ മൈസൂരിലേക്കു് കൊണ്ടുപോയതായി കേട്ടിട്ടുണ്ടു്. അതുപോലെ സംയോജനത്തിന്റെ ഫലമായിട്ടു് കൊച്ചിക്കാരെ ദ്രോഹണംചെയ്തു് തിരുവിതാംകൂറിൽ മുതൽ കൂട്ടുന്നുയെന്നാണു് തോന്നുന്നതു്. കീഴടക്കപ്പെട്ട ഒരു രാജ്യത്തിലെ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു് അവരിൽനിന്നും കുറെ പണം ഉണ്ടാക്കി ഇവിടെ കൊണ്ടുവന്നു് കൂട്ടിവയ്ക്കുന്നതു് വളരെ കഷ്ടമാണ്. ഈമാതിരി വൃത്തികെട്ട ഒരു ഇടപാടു് ദേശദ്രോഹികാരിയായ ടിപ്പുസുൽത്താൻ ചെയ്തതല്ലാതെ മറ്റു യാതൊരു ഗവണ്മെണ്ടും ചെയ്തിട്ടില്ല.

മിസ്റ്റർ. സ്പീക്കർ :. ബഹുമാനപ്പെട്ട മെമ്പറിന്റെ ഭേദഗതിയുടെ പരിധി കവിഞ്ഞു സംസാരിക്കേണ്ടതല്ല.

ശ്രീ. സി. വി. ഇയ്യു : സർ, നികുതിയുടെ കാര്യം വന്നപ്പോൾ ഈ കഥ പറഞ്ഞുവെന്നേയുള്ളൂ. അതായതു് കക്ഷിപരമായ ഭരണമാണല്ലൊ ഇപ്പോൾ നടക്കുന്നതു്. അധികാരത്തിൽ ഇരിക്കുന്ന കക്ഷിയുടെ ശ്രദ്ധയിൽ ഈ കാര്യം കൊണ്ടുവരുന്നുവെന്നേയുള്ളൂ. ഒന്നാമതു് രാജ്യം പിടിച്ചുപറിച്ച ഒരു കേസു് ഉണ്ടു്. രണ്ടാമതു് ആ രാജ്യത്തിൽനിന്നും കൂടുതൽ നികുതി ഈടാക്കുന്നതായിട്ടു് മറ്റൊരു കേസു്. അങ്ങനെ നോക്കിയാൽ ഇനിയും പല സങ്കടങ്ങളും കൊച്ചിക്കാരു് അനുഭവിക്കേണ്ടിവരുമെന്നാണു് തോന്നുന്നതു്. അതുകൊണ്ടു് ഈ കരമെങ്കിലും പകുതി ഇളച്ചുകൊടുക്കുന്നതിനു് ദയവുണ്ടാകണമെന്നു് അപേക്ഷിക്കുന്നു.

Sri. A. K. George: Sir, I wish to speak on this amendment.

Mr. Speaker: Yes.

Sri. A. K. George: Sir, I wish to speak a few words. Sir, I am not in a position to endorse all what Mr. Ambooken has said. It has become a terrible nania with him to make cheap challenges in the House. The real challenge before him, I must tell him, is the challenge of the voters of the Mala constituency.

LIBRARY ARCHIVES Kerala Legislative Assembly

Sri. C. V. Iyyu : Sir, that has nothing to do with income-tax which is the question now before the House.

Sri. A. K. George : I am sure if the Hon'ble Member for Mala goes to his constituency, with his glorious election stunt speech on Agriculture Income-Tax Bill he will be terribly disillusioned.

Sri. Ittiera Ambooken : It has to be seen.

Sri. A. K. George : Having said so much on that part of the speech, I wish to speak a few words on the amendment. Sir, when the agricultural income-tax bill was introduced on the floor of the House, this question of inequality in land revenue between the two States came before the House and it was time and again discussed on the floor. Now an amendment is brought that Government should make the inequality uniform. I shall remind the House briefly of some of the stock arguments that will be advanced by the Hon'ble Finance Minister Mr. A. J. John. The first argument will be about the Land Committee. The Hon'ble Member may claim that until the Report of the Land Committee—all glory to this Committee —which functions at Trichur is received, Government cannot afford to interfere with the land policy of the Government. Sir, it will be hard for the citizens of one part of the State to pay a very enhanced rate of land tax and to wait till the report of the Land Committee is submitted. The Committee was set up two months back. They announced a meeting for taking up evidence from Trichur to Nagercoil and yet they have not yet started taking evidence. It will be difficult for us to wait till this much-talked about report of the Land Committee on which the fate of the land policy of the State hangs, is received. So, as the Hon'ble Member for Kunnamkulam said, till the Report of the Land Committee is received, an executive order should be given by which land tax should be cut down to 50 per cent so that a temporary relief may be given to the poor ryots of the Cochin area.

The second argument of the Hon'ble Finance Member will be like this : if we reduce land tax it will affect a large number of persons who are owners of garden lands. In support of that argument he may refer to figures in the Administration Report. My plea before him will be this. After all, the cultivable area in Cochin, from which land revenue is collected can be divided into two parts, that is, garden lands and paddy lands ; about two-thirds are paddy fields and one-third garden lands. Out of the one-third garden lands, the majority will be cocoanut and arecanut gardens for which an enhanced land revenue is being collected. Only a mere fraction of these garden lands will be affected if land tax is made uniform by extending basic land tax in Cochin too.

A third argument is that when the agricultural income-tax was introduced some time ago, there was no protest from any citizen of Cochin in regard to its applicability. Sir, the Hon'ble Minister may plead that when the first Agricultural Income-Tax Act was introduced, as early as 1122, there was absolutely no whisper against that measure. Thus he might argue that the members from Cochin area are now estopped from making this demand. Sir, my argument will be that after all we had a lot of taxes as we had in mind plenty of programmes and projects, such as, the Peechi and Peringalkuttu projects.

ശ്രീ. ഇട്ടേര അമ്പൂക്കൻ. ഈ കാര്യങ്ങളൊന്നും integrationന് മുൻപു മെമ്പർ ആലോചിച്ചിട്ടില്ലേ ?

എ. കെ. ജോർജ്: ആലോചിച്ചു. അതുകൊണ്ടാണു പറയുന്നതു്.

Sir, where is the guarantee now that the land revenue collected from Cochin will be spent in the Cochin area ? I am sure the Hon'ble Minister for Transport will take a large portion from that and spend it for colecreting in Thiruvalla, another portion may go to south of the Perinchani and so on.

Sr. C. V. Iyyu : Does the Hon'ble Member join with Mr. Velayudhan ?

Sri. K. A. George : No.

Sir, that will be my argument. I hope the Hon'ble Finance Minister will give a reply in the light of my humble counter arguments that something will be done immediately. If that is done, I will support him.

ശ്രീ. എ. പി. ഉദയഭാനു : സർ, ഞാൻ മിസ്റ്റർ എ. കെ. ജോർജ്ജിന്റെ ഭേദഗതിയെ എതിർക്കുകയാണു് ചെയ്യുന്നതു്. കാരണം ആ ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ കാഷ്കാരായനികുതിയിൽനിന്നും ന ങ്ങൾക്കു ലഭിക്കുന്ന ഒരു വരുമാനമാർഗ്ഗം നാം നഷ്ടപ്പെടേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടിര അമ്പൂക്കൻ : ഈ സംഖ്യ എങ്ങനെയാണ് മെമ്പർ കണക്കാക്കി പറഞ്ഞിരിക്കുന്നത് ?

ശ്രീ. എ. പി. ഉദയഭാനു : കണക്കാക്കുന്ന രീതിയിൽ തന്നെയാണ് കണക്കാക്കി പറഞ്ഞിരിക്കുന്നത്.

ശ്രീ. ഇട്ടിര അമ്പൂക്കൻ : അങ്ങനെയാണെങ്കിൽ ഈ കണക്ക് തെറ്റാണെന്ന് ധരിക്കുമോ ?

ശ്രീ. എ. പി. ഉദയഭാനു : തെറ്റാണെന്നുള്ള ധാരണ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ അതു പറയുകയില്ലായിരുന്നു. സർ, തിരുവിതാംകൂറിൽ ഭൂനികുതി വളരെ കുറവാണെന്നും അതേസമയം കൊച്ചിയിൽ ഭൂനികുതികൊണ്ട് വളരെ കഷ്ടതകളും ജനങ്ങളും അനുഭവിക്കുന്നുവെന്നും ഒരു മിഥ്യാബോധം കൊച്ചിയിൽനിന്നു വന്ന എന്റെ സ്നേഹിതന്മാർക്കുണ്ട്. എന്നാൽ തിരുവിതാംകൂറിൽ ബേസിക് ടാക്സ് നടപ്പാക്കിയതിന്റെ ഫലമായിട്ട് മുമ്പിലത്തെക്കാൾ കൂടുതൽ ടാക്സ് വർദ്ധിച്ചിട്ടുള്ള ഉദാഹരണങ്ങളും ഉണ്ട്. എന്റെ സ്വന്ത അനുഭവത്തിൽ ഒരു ഉദാഹരണം ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. നൂറു രൂപ നികുതി മുമ്പു കൊടുത്തുകൊണ്ടിരുന്ന ഭൂമിക്ക് ബേസിക് ടാക്സ് നടപ്പാക്കിയതിന്റെ ഫലമായിട്ട് ഏഴര രൂപായാണ് കൊടുക്കേണ്ടിവരുന്നത്. അങ്ങിനെ പഴയനിരക്കിൽനിന്നു നാലിരട്ടിയോളം നികുതി ഈടാക്കുന്ന ഭൂമികളും തിരുവിതാംകൂറിൽ ഉണ്ട്. അതുപോലെതന്നെ സർക്കാരിൽനിന്നും ഏക്കറിന് നൂറു രൂപാവരെ കരം ഈടാക്കുന്ന ഭൂമികളുണ്ടെന്ന് എന്റെ സ്വന്ത അനുഭവത്തിൽനിന്നും പറയുവാൻ സാധിക്കും. ഇങ്ങിനെ നോക്കുന്നപക്ഷം തിരുവിതാംകൂറിൽ ബേസിക് ടാക്സ് നടപ്പിൽ വരുത്തിയെങ്കിലും വളരെ വർദ്ധിച്ച നികുതി കൊടുക്കുന്ന ഭൂമികളും ഇന്നും ധാരാളമുണ്ടെന്നു കാണാവുന്നതാണ്. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് തിരുവിതാംകൂറിലെ കർഷകർക്ക് കാഷ്കികാദായനികുതിയെ സംബന്ധിച്ചിടത്തോളം, കൊച്ചിയിലെ കർഷകർക്ക് അവിടെ ഇന്നു നിലവിലുള്ള നികുതിയേപ്പാട്ടകൊണ്ടുള്ള അവശതകളും ഉണ്ടെന്നാണ്. കൊച്ചിയിൽ ഏക്കറിന് രണ്ടണമാത്രം നികുതികൊടുക്കുന്ന ഭൂമികളും ഇന്നുണ്ട്. ശ്രീ. ജോർജ്ജ് അവർകളുടെ പ്രസംഗത്തിൽ കൊച്ചിയിലും കാഷ്കികാദായനികുതി നിലവിലിരുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അന്നും കരം കൊടുത്തതു കഴിച്ചുള്ള സംഖ്യ ആദായനികുതിയായി ഈടാക്കുന്ന പതിവില്ലായിരുന്ന അവിടെ ഉണ്ടായിരുന്നതാണ്. ആ നിലയ്ക്കു കൊച്ചിയിൽ ഉണ്ടായിരുന്ന കാഷ്കികാദായനികുതിയും തിരുവിതാംകൂറിൽ ഉണ്ടായിരുന്ന കാഷ്കികാദായനികുതിയും കൂടി സംയോജിപ്പിച്ച് ഒരു നിയമം കൊണ്ടുവരുന്നു എന്നല്ലാതെ മറ്റൊന്നും ഞാൻ ഈ ബില്ലിൽ കാണുന്നില്ല. ഈ നികുതി എപ്പോൾ കൊച്ചിയിൽനിന്നു വന്നവർക്കു പ്രത്യേകമായ അവശതകളും ഉണ്ടെന്നു പറയുവാൻ കാരണം കാണുന്നില്ല. അതുകൊണ്ട് ഈ നികുതിയേപ്പാടിൽ ഭേദഗതി വരുത്തേണ്ട ആവശ്യമില്ല. നികുതിയുടെ സമീകരണത്തെ സംബന്ധിച്ച് ആണെങ്കിൽ ലാൻഡ് കമ്മീഷനു ശരിയായ അന്വേഷണം നടത്താതെ ധൃതഗതിയിൽ ഒരു റിപ്പോർട്ട് സമർപ്പിക്കാവുന്ന ഒരു സംഗതിയല്ല അതു്. ഈ കാരണങ്ങൾകൊണ്ട് ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

ശ്രീ. സി. സി. പ്രസാദ് : കൊച്ചിയിൽനിന്നു വന്നവർ പറഞ്ഞതു് മിഥ്യാബോധംകൊണ്ടല്ലെന്നു ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർക്കു മനസ്സിലായോ ?

ശ്രീ. എ. പി. ഉദയഭാനു : മനസ്സിലായി.

Sri. Ittiera Ambookan : Sir, I want to put a question. because he has referred to a statement of mine.

@@ ലക്ഷം രൂപായെന്നു പറഞ്ഞതു് അതുപയും വരികയില്ല. കാഷ്കികാദായനികുതി കൊടുക്കുന്നവർക്ക് ഭൂനികുതി ഇളവുചെയ്തു കൊടുക്കണമെന്നേ പറഞ്ഞുള്ളൂ.

ശ്രീ. എ. ജെ. ജോൺ : സർ, ഈ ഭേദഗതി ഇതേവിധത്തിൽ സ്വീകരിക്കുവാൻ സാധ്യമല്ല. ഈ ബില്ലിൽ ചേർത്തിരിക്കുന്ന വ്യവസ്ഥയനുസരിച്ച് ലാൻഡ് ടാക്സ് ആദായത്തിൽനിന്നും കുറയ്ക്കുന്നതാണ്. തിരുവിതാംകൂറിലും കൊച്ചിയിലും ആദായനികുതിയാക്ട് നടപ്പിലാക്കിയ തിയതിമുതൽ ഇതനുസരിച്ചുതന്നെയാണ് പ്രവർത്തിക്കുന്നതു്. എന്നാൽ ഭൂനികുതിയെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിലും കൊച്ചിയിലും സാരമായ വ്യത്യാ

LIBRARY ARCHIVES Kerala Legislative Assembly

സമുണ്ടെന്നു പറയുന്നതു് ശരിയാണു്. കൊച്ചിയിലെ ഭൂനികുതി ഫ ൦ വ ൦–ാമാണ്ടത്തെ റവന്യൂസെറ്റിൽമെൻറു പ്രൊക്ലമേഷൻ അനുസരിച്ചു് ഏർപ്പെടുത്തിയിട്ടുള്ളതാണു്. ആ പ്രൊക്ലമേഷൻ അനുസരിച്ചു് അവിടെ നിലത്തിനും പുരയിടത്തിനും പ്രത്യേകം പ്രത്യേകം നികുതി ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്. കൊച്ചിയിൽ ആകെ ൪, ൦൯,൯൭ ൩൨ ഏക്കർ സ്ഥലമാണു് ഓക്കിഡെപ്പ ചെയ്തിട്ടുള്ളതു്. അതിൽ ൨, ൦൯,൯൮ ഫ ഏക്കർ നിലവും ൩, ൦൨,൯൯൨ ഏക്കർ പുരയിടങ്ങളുമാണു് ഉള്ളതു്. കൊച്ചിയിൽ ഭൂനികുതിയിനത്തിൽ ആകെ കിട്ടുന്നതായ കരം ഫ ൦, ൭൪,൦ ൦ ൦ രൂപയാണു്. ഈ ൪ ലക്ഷത്തിൽപരം ഏക്കറിൽനിന്നും കിട്ടുന്ന നികുതി പത്തുലക്ഷത്തിൽപരം രൂപയായിരിക്കുമ്പോൾ ഏക്കറിനു് ശരാശരി രണ്ടുരൂപാവീതം ഈടാക്കിവരുന്നതായി കാണാവുന്നതാണു്. എന്നാൽ കൊച്ചിയിൽ തിരുവിതാംകൂറിനേപ്പോലെ ബോസിക്കു് ടാക്സു് നടപ്പിൽ വരുത്തിയാൽ കിട്ടാവുന്ന ടാക്സു് ൭,൯൯,൦ ൦ ൦ രൂപായാണു്. അപ്പോൾ ബോസിക്കു് ടാക്സു് നടപ്പിൽ വരുത്തുന്നതു മൂലം കൊച്ചിയിൽനിന്നും കിട്ടുന്ന ആദായത്തിന്റെ വ്യത്യാസം ഏകദേശം ൨, ൭,൯ ൦൦൦ രൂപ മാത്രമാണു്. എന്നാൽ ഇതിൽ ഒരു വലിയ വ്യത്യാസമുള്ളതു് കൊച്ചിയിലെ നിലങ്ങളുടെ കരം പത്തുരൂപമുതൽ രണ്ടുരൂപ എട്ടണ വരെയാണു്. കൊച്ചിയിലെ നിലങ്ങളിൽ തരങ്ങളായിട്ടാണു് തിരിച്ചിരിക്കുന്നതു്. സിങ്കിംക്രാപ്പു് നിലമാണെങ്കിൽ ഏക്കറിനു് ഒരു രൂപവരെ നികുതി ഈടാക്കുന്നുണ്ടു്. പുരയിടങ്ങൾക്കു് ഏക്കറിനു് രണ്ടുരൂപാമുതൽ രണ്ടണ വരെ ഈടാക്കിവരുന്നുണ്ടു്. ഈ രണ്ടണ റേറു വച്ചിരിക്കുന്നതു പയറുപാട്ടം വസ്സുക്കൊക്കാണു്. വൃക്ഷങ്ങളൊന്നും വയ്ക്കുവാൻ കൊള്ളരുതാത്ത ഭൂമികൾക്കു് രണ്ടണ, നാലണ, ആറണ, ഈ ക്രമത്തിനു് കരം ഈടാക്കിവരുന്നുണ്ടു്. എന്നാൽ ബോസിക്കു് ടാക്സു് കൊച്ചിയിൽ നടപ്പാക്കുന്നപക്ഷം നിലം മാത്രമുള്ളവക്കു് അതുകൊണ്ടു് കുറെ ഊണമുണ്ടാകുമെന്നല്ലാതെ പുരയിടക്കാക്കു് എഴും എട്ടും ഇരട്ടി കരം കൊടുക്കേണ്ടിവരും. വൃക്ഷങ്ങളും വയ്ക്കുവാൻ കൊള്ളരുതാത്ത പുരയിടങ്ങൾക്കു് രണ്ടണമുതൽ കരം കൊടുത്തുവരുന്നുണ്ടു്. ഒരു രൂപ, എട്ടണ, ആറണ, നാലണ, രണ്ടണ, എന്നി ക്രമത്തിനു് കരം നിശ്ചയിച്ചിട്ടുണ്ടു്. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ബോസിക്കു ടാക്സു് കൊച്ചിയിൽ നടപ്പിലാക്കുന്നപക്ഷം ആറും, എഴും ഇരട്ടി കരം പുരയിടക്കാർ കൊടുക്കേണ്ടിവരുമെന്നാണു്. ശ്രീ. ഇയ്യു അവർകൾ പറഞ്ഞതു നിലം ഉടമസ്ഥന്മാരിൽനിന്നും ൭ ലക്ഷം രൂപ ഈടാക്കിവരുന്നതെന്നാണു്. അതായതു് രണ്ടുലക്ഷത്തിൽപരം ഏക്കർ നിലത്തിനു് ഏഴുലക്ഷം രൂപ കരം കൊടുക്കേണ്ടിവരും. അങ്ങിനെ നോക്കുമ്പോൾ ഏകദേശം മൂന്നുരൂപ ഒരേക്കർ നിലത്തിനു് കരം നിശ്ചയിക്കേണ്ടിവരും. അതു ബോസിക്കു് ടാക്സാക്കിയാൽ കുറയും. എന്നിരുന്നാലും ബോസിക്കു് ടാക്സു് കൊച്ചിയിൽ നടപ്പിലാക്കുന്നപക്ഷം പുരയിടക്കാക്കു് സങ്കടത്തിനു് കാരണമാകും. സംയോജനം കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു്, തിരുവിതാംകൂറിലും കൊച്ചിയിലും ഭൂനികുതി സമീകരിക്കേണ്ടതിന്റെ ആവശ്യം ഗവൺമെണ്ടിനും ബോദ്ധ്യമായിട്ടുണ്ടു്. എന്നാൽ ഞാൻ മുൻപു പറഞ്ഞതുപോലെയുള്ള ഒരു സങ്കടം പുരയിടക്കാക്കു് ഉണ്ടാകും. അതേപ്പറ്റികൂടി അന്വേഷിച്ചതിനുശേഷം ഭൂനികുതി സമീകരിക്കുന്നതിനു് ആവശ്യമായ നടപടികൾ ഗവൺമെണ്ടു് ഉടൻ എടുക്കുന്നതാണെന്നു് ഒരു ഉറപ്പു നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഉറപ്പിന്മേൽ ഈ ഭേദഗതി പിൻവലിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ ബില്ലിൽ ഈ മാതിരി ഒരു ഭേദഗതി ചേർക്കണമെന്നു പറഞ്ഞാൽ ഞാൻ അതിനെ ശക്തിയായി എതിർക്കുന്നതാണു്.

ശ്രീ. സി. വി. ഇയ്യു: ഭൂനികുതി എത്രയും വേഗത്തിൽ സമീകരിക്കുമെന്നു് ഉറപ്പു നൽകിയാൽ മാത്രം പോരാ. രണ്ടണ നികുതി കൊടുക്കുന്നതു് വൃക്ഷങ്ങളും വച്ചു പിടിപ്പിക്കുവാൻ നിവർത്തിയില്ലാത്ത പയറുപാട്ടം വസ്സുക്കൊക്കാണു്. അതുംകൂടി വൃരിക്കേണ്ടതാണു്.

Mr. Speaker: The details about the lands, etc. need not be discussed.

ശ്രീ. എ. ജെ. ജോൺ: തിരുവിതാംകൂറിൽ ബോസിക്കു ടാക്സു് ഏതെല്ലാം വസ്സുക്കൊക്കുണ്ടോ അതേമാതിരിതന്നെ കൊച്ചിയിലും ഏർപ്പെടുത്തേണ്ടിവരും. അപ്പോൾ പയറുപാട്ടം വസ്സുക്കൊക്കു ഒരു രൂപ മുൻപതണവരെ ഏക്കറിനു് കരം ചുമത്തേണ്ടതായിവരും. അങ്ങിനെ വന്നാൽ ഗവൺമെണ്ടിനുണ്ടാകുന്ന നഷ്ടം രണ്ടുലക്ഷത്തി എഴുപത്തി ഒൻപതിനായിരം രൂപയാണു്. ഇതു മനസ്സിലാക്കിക്കൊണ്ടുവേണം നിലത്തിന്റെ കരം കുറക്കണമെന്നു് വാദിക്കുവാൻ. നിലത്തിന്റെ കരം കുറക്കണമെന്നും പുരയിടത്തിന്റെ കരം കൂട്ടരുതെന്നും

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

പറയുന്നതു ശരിയല്ല. ഒന്നുകിൽ തിരുവിതാംകൂറിലെപ്പോലെ കൊച്ചിയിലും ബൈസിക്കിൾ ടാക്സ് നടപ്പിലാക്കാൻ അനുവദിക്കുക, അല്ലെങ്കിൽ ഇപ്പോഴത്തെ വ്യവസ്ഥ സമ്മതിക്കുക പിന്നിട് ലാൻഡ് കമ്മറിയെക്കുറിച്ച് മാന്യ സ്നേഹിതൻ മിസ്റ്റർ ജോർജ്ജ് പ്രസംഗിക്കുകയുണ്ടായി.

ശ്രീ. സി. വി. ഇയ്യു : പ്രസംഗിക്കേണ്ടതാണല്ലോ.

ശ്രീ. എ. ജെ. ജോൺ : സമീകരണം നടപ്പിൽ വരുത്തുന്നതിനു കഴിയുന്നത്ര വേഗത്തിൽ ആവശ്യമായ നടപടികൾ ഗവണ്മെണ്ടു എടുക്കുന്നതാണെന്നു ഒരുറപ്പു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. സി. വി. ഇയ്യു : ബൈസിക്കിൾ ടാക്സ് ഭ്രനികൃതിയേക്കാൾ കുറഞ്ഞിരിക്കണം An executive order is enough.

ശ്രീ. എ. ജെ. ജോൺ : അങ്ങിനെ റമിഷൻ കൊടുക്കുവാൻ സാധ്യമല്ല. ഒരു എക്സിക്യൂട്ടീവ് ഓർഡർകൊണ്ടു് ഗവ. വ്യത്യാസപ്പെടുത്തുവാൻ സാധ്യമല്ല.

Mr. Speaker : The decision on amendment No. 3 will affect Amendment Nos. 4 6 and 7.

Amendment No. 3 moved by Sri. Ambookan was put and lost.

Sri. Ittiera Ambookan : I was prepared to withdraw the amendment, if I was asked to withdraw.

Mr. Speaker : Now the amendment has been put to vote and lost. It is not usual to ask whether the member is prepared to withdraw or not. It was moved discussed and answered by the Minister. There is no question of asking the member to withdraw. It is certainly open to him to withdraw the amendment if he feels inclined to do so.

Sri. K. P. Nilakanta Pillai : Sir, I move that sub-clause (2) to clause 3, be deleted. The object of the motion is to secure the benefits given under clause 5 to the agriculturists. Snb-clause (2) says : "Where there is included in the total agricultural income of an assessee any income exempted from agricultural income-tax by or under the provisions of this Act, the agricultural income-tax payable by the assessee shall be an amount bearing to the total amount of the agricultural income-tax which would have been payable on the total agricultural income had no part of it been exempted, the same proportion as the unexempted portion of the total agricultural income bears to the total agricultural income". The clause as it stands, takes away the benefits, conferred to the agriculturists under Section 10 of this Act. I am afraid whether this clause does not even violate the principle that no double taxation should be attempted.

Sir, once—of course when the Act, as a whole, was considered—a section of the agriculturists thought that they would get some benefit under the provisions under Clause 10 of this Act. This sub-clause also recognises the exemptions which could be granted under clause 10; but it says that when exemption is granted, then the assessable income must be in proportion to the total income of the agriculturists without taking into consideration the amount involved in the exemptions granted to the agriculturists.

Therefore, either let us give exemptions and assess the remaining income of the agriculturists or let us not give exemptions at all. Now, in one clause certain exemptions are recognised and the agriculturists are declared to be entitled to these exemptions. After granting those exemptions, then this proviso says that without minding the exemptions the assessment would be made and the rate should be proportional to the total agricultural income payable by the assessees, irrespective of the exemptions granted. That is a hardship, Sir. It is to avoid that, I wanted to move this amendment. Therefore, I place the amendment for the acceptance of the House.

Sri. K. Sivarama Pillai : Sir, I have also sent a similar motion. So I second the motion of Mr. K. P. Nilakanta Pillai.

Sir, you will find in Section 10 that certain amounts are exempted from agricultural income-tax, the reason being that income-tax has been already paid on that amount, and if you compare the rate of income-tax also, it is higher. Sir, you will see that in the case of a Company they have to pay the maximum rate of 4 as. in the rupee. That is as per Part I of the

LIBRARY ARCHIVES Kerala Legislative Assembly

Schedule. So far as joint families are concerned, even if there is a minimum number of five members, the limit for which income-tax is not payable is Rs. 6,000; while in the case of a single individual it is Rs. 1,500. The excess is taxed. For those amounts that is already paid, concession is given and they are exempted under Section 10. When such an exemption is given, that is sought to be taken away by adding this sub-clause.

What I have to say can be better illustrated if I give some figures. Supposing the total income is Rs. 12,000 of which Rs. 2,000 is exempted. Then instead of paying Rs. 562½ on the Rs. 10,000, what they say is, we have to pay Rs. 729, 2 as. 8 ps. So even for the amount that is exempted, without clearly saying they are giving additional tax, they again seek to assess and get some amount on that. And this is how it really works a hardship.

Now, we are trying to have collective farming and other things, instead of individual ownership. If collective farming is to be done, then the rate of assessment is 4 as. in the rupee. So after paying 4 as., if anybody is to get an income from that, that also is assessed under the provisions of the Act. This is not done in a direct manner; but in an indirect circuitous way, making people not to understand it, but the Department can realise the amount at the same time.

ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. എന്റെ മാന്യ സ്നേഹിതൻ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ഈ ഉപവകുപ്പ് ശരിയായി വായിച്ചിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. പത്താം വകുപ്പിൽ ഒഴിവാക്കിയിരിക്കുന്നതായ ഇനങ്ങളേയുംകൂടി കൂട്ടിച്ചേർത്തു നികുതി ചുമത്തണമെന്നല്ല ഈ ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നത്. പത്താം വകുപ്പുകൊണ്ട് ഒരു സൌജന്യം കൊടുത്തിരിക്കുകയാണ്.

"Agricultural income-tax shall not be payable on that part of the total agricultural income of a person which is any sum which he receives out of the agricultural income of a Hindu undivided family or a Marumakkathayam tarwad if he receives such sum as a member of the family or tarwad, etc".

എന്നാൽ ഇതു് സാക്ഷാൽ കാഷികാദായനികുതിയാണ്. പത്താം വകുപ്പിലേതു് ഒരു സൌജന്യമാണ്.

Sri. K. Sivarama Pllai: Has not tax been levied upon that amount already?

ശ്രീ. എ. ജെ. ജോൺ: ഇതു് പത്താമത്തെ വകുപ്പിൽതന്നെ പറഞ്ഞിട്ടുണ്ട്.

ഇതു് പുതുതായി കൊണ്ടുവന്നിട്ടുള്ള ഒരു നിയമമല്ല. യു. പി. യിൽ ഈ നിയമം ആദ്യമുണ്ടായതു് ഫൻ ർൻ-ൽ ആണ്. ആ നിയമത്തിലും ഇതേ വ്യവസ്ഥതന്നെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതു്. അതു ഞാൻ വായിക്കാം.

"Where there is included in the total agricultural income of an assessee any income exempted from agricultural income-tax by or under the provisions of this Act, the agricultural income-tax payable by the assessee shall be an amount bearing the same proportion to the total amount of agricultural income-tax which would have been peyable on the total agricultural income had no part of it been exempted as the unexempted portion of the total agricultural income bears to the total agricultural income". ഇതു് നിരക്കിനെ മാത്രമെ ബാധിക്കുകയുള്ളൂ. അല്ലാതെ സൌജന്യം അനുവദിച്ചിട്ടുള്ള തുകകൂടി ചേർത്ത് ആദായം തിട്ടപ്പെടുത്തി നികുതി ഈടാക്കണമെന്നു പറഞ്ഞിട്ടില്ല. സാക്ഷാലുള്ള ആദായത്തിനു നികുതി കണക്കാക്കണമെന്നെ പറഞ്ഞിട്ടുള്ളൂ.

Sri. K. P. Nilakanta Pillai: Is it the same principle that is followed in the case of fixing the rates of super-tax?

ശ്രീ. എ. ജെ. ജോൺ: അതെ. ഈ കാരണങ്ങളാൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

Sri. K. Sivarama Pillai: Is not exemption given on the sole ground that under this Act, tax has been assessed on that amount.

Sri. A. J. John: Yes; that is also one of the grounds.

The amendment was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Sri. K. P. Nilakanta Pillai: Sir, I move the following amendment:

"In sub-clause (5), clause 3, after the word 'income,' in line 2, add the following.—

"The agricultural income-tax officer shall make an assessment of the total agricultural income received by the tenants in common as if it is a joint tenancy and each tenant shall in addition to any agricultural income-tax for which he may be separately liable and notwithstanding anything contained in sub clause (a) of Section 10, be liable for a share of the tax on the income so assessed according to the share of the property each tenant is entitled to and the agricultural income-tax officer shall make assessments accordingly on the various tenants in accordance with the provisions of section 18";

and delete the rest of the clause.

The object of moving this amendment is to have some uniformity in the matter of assessing tenants in common, undivided Hindu family or Marumakkathayam family or joint family. And, when we read this clause as it is without my amendment and compare the provisions in clause 29, sub-clause (2) we find a variation in the principle of assessment, Sir. I can understand the subtle legal difference between the tenants in common and an undivided Hindu family according to the Mithakshara law and the undivided Marumakkathayam family or a joint family.

Therefore, whater may be the possibility of drawing subtle distinctions between all these to make the Income-Tax Act simple and the work of the assessment easier, and on principle also, I think there ought to be some uniformity in the matter of assessing all these, whether joint tenancy or undivided Hindu family or Marumakkathayam family or a joint family. Here, some distinction is sought to be created between tenants in common and undivided Hindu family or Marumakkathayam family, as the case may be. Here what is said is this. Of course the principle is that income ought to be assessed, whether it is a joint family or undivided Hindu family or Marumakkathayam family, as an individual. Therefore the total income of an individual ought to be assessed. That principle should not be deviated from in assessing s joint family or undivided Hindu family or tenants in common. There also, the total income of the joint family or the tenants in common or the undivided Hindu family or Marumakkathayam family ought to be assessed. That is the principle which I insist ought to be kept throughout the provisions of this Act.

I was tempted to table this amendment because that principle is deviated from in this clause. My object is how to reconcile this clause without this amendment and sub-clause (2) of Section 29. There two different principles are imported into these two clauses. Here what is said is: "In the case of persons holding property as tenants in common and deriving agricultural income, the tax shall be assessed at the rate applicable to the agricultural income of each tenant in common." That is the principle according to this clause. But when we go to an undivided Hindu family, there a different principle is stated; *i. e.*, the undivided Hindu family may be assessed on the total income of the Hindu family, and when I come to that amendment I will explain that matter further. Sub-clause (2) of Section 29 says:

"The agricultural income-tax officer shall make an assessment of the total agricultural income received by or on behalf of the family or tarwad as such, as if no partition had taken place and each member or group of members shall, in addition to any agricultural income-tax for which he or it may be separately liable and notwithstanding anything contained in clause (a) of section 10, be liable for a share of the tax on the income so assessed according to the portion of the family or tarwad property allotted to him or it and the Agricultural income-tax Officer shall make assessments accordingly on the various members and groups of members in accordance with the provisions of section 18."

Again, the clause as it is, without this amendment is: "In the case of persons holding property as tenants in common and deriving agricultural income, the tax shall be assessed at the rate applicable to the agricultural income of each tenant in common."

Therefore, when properties are held in common tenancy, the principle of taxation here accepted is that each tenant may be separately taxed according to the income calculated as the income of the particular tenant. That is quite correct, but when a different principle is followed, there must be some uniformity in the case of the joint tenancy as well as in the undivided Hindu family or Marumakathayam family, and for the sake of that uniformity, I tabled this amendment. If this is approved by the framers of the Bill, why should this principle be deviated from in the case of section 29 when we deal with the undivided Hindu family and marumakathayam family and so on? Therefore, if each tenant of a tenancy in common is to be

LIBRARY ARCHIVES Kerala Legislative Assembly

assessed on the individual income of the tenant, then according to the provisions of Section 29, when it is held that a partition has been effected in the family and had taken effect, why should not that group or an individual who got away with partition, be assessed according to his own income, the income of that individual or the group, as the case may be? Why should that individual and the group be also made liable to bear a proportionate assessment according to the total income of the undivided Hindu family or the marumakathayam family, without taking into consideration whether the assessment has been paid on the total income of the marumakathayam family or the joint Hindu family? That is the point.

Sri. A. J. John: May I know whether the hon'ble member has read the proviso to Section 29 (2). "Provided that all the members and groups of members whose family or tarwad property has been partitioned shall be liable jointly and severally for the tax on the total agricultural income received by or on behalf of the family or tarwad as such up to the date of the partition."

Sri. K. P. Nilakanta Pillai: The Hon'ble Minister will see that I have sent an amendment to delete that clause. When I come to that clause, I will explain it, because, what is the principle there? You accept a partition has been effected in a family; then what is the meaning of it? If five members of a joint family effect a partition and one member walked out of the family, with his share, what is the meaning of saying that they are jointly responsible for the income-tax?

Sri. A. J. John: There is no such provision.

Sri. K. P. Nilakanta Pillai: Then, what is the proviso to sub-clause (2) of Clause 29?

Sri. A. J. John: Only till the date of partition.

Sri. K. P. Nilakanta Pillai: Till the date of partition. Then, why should a member be made liable to tax and told that he is jointly liable for the whole assessment on the joint family income? That is the reason why I tabled another amendment even to delete that proviso; because when you have recognized partition that a member must be assessed on the property which he got on partition, why should he be made jointly liable for the assessment? Therefere, it is not possible to view these things separately, because the Income-tax Officer has said after going through the papers that partition has taken place in the family. If that be so, every member should take part in the partition and get separated from the family, in which case, why he should be made jointly liable for the assessment, is the question. Why should not each member be made liable, according to the income which he got from property which he got of partition. That is the reason why I tabled another amendment to delete that clause also; in other words, to make this clause to be in conformity with the provision under clause 29, I tabled this amendment. That is the only object. A uniformity should be followed in the matter of assessing either a tenancy in common or an undivided Hindu family or a marumakathayam family. On that principle, I tabled this amendment.

ശ്രീ. ഇട്ടീര അച്യുക്കൻ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇതിലെ സബ്ക്ലാസ്സ് 4 അങ്ങേഹം നല്ലവണ്ണം വായിച്ചിരുന്നെങ്കിൽ ഇങ്ങിനെയൊരു ഭേദഗതി അവതരിപ്പിക്കുകയില്ലായിരുന്നു.

"(4) In the case of an undivided Hindu family consisting of brothers only or of a brother or brothers and the son or sons of a brother or brothers and whose agricultural income exceeds ten thousand rupees, the tax shall be assessed at the average rate applicable to the share on income due to a brother or to ten thousand rupees, whichever is higher".

ഇതേമാതിരി ഇതിനു അനുസ്യൂതമായ ഒരു വ്യവസ്ഥ ഉണ്ടാക്കുവാനാണു ഈ സബ്ക്ലാസ്സു് ഇവിടെ കൊടുത്തിട്ടുള്ളതു്. എന്റെ സ്നേഹിതൻ ഒരു സമീകരണമെന്ന നിലയ്ക്കു് ഒരു ഭേദഗതി അവതരിപ്പിക്കുമ്പോൾ അതുമൂലം ഒരു പ്രത്യേക വിഭാഗത്തിനു് വലിയ കഷ്ടപ്പാടു് ഉണ്ടാക്കുന്നതാണു് എന്നു അങ്ങേഹം ധരിച്ചിരിക്കുകയില്ല. നാലു മക്കളുള്ള ഒരു കുസ്സ്രൻ ഫാമലിയിലെ കാരണവൻ മരിച്ചുകഴിഞ്ഞാൽ ആ കാരണവന്റെ സ്വത്തിനു് നാലു മക്കൾക്കും തുല്യാവകാശമാണു് ഉള്ളതു്. അവക്കു് ദോഷം വരുത്തു് എന്നുദ്ദേശിച്ചാണു് അഞ്ചാമത്തെ സബ്ക്ലാസ്സു് ഉണ്ടാക്കിയിട്ടുള്ളതു്. അതുകൊണ്ടു് എന്റെ മാന്യ സ്നേഹിതന്റെ ഈ ഭേദഗതി ഒരിക്കലും സ്വീകരിക്കാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. എല്ലാ സമുദായങ്ങളും ഒരുപോലെ ബാധിക്കണം എന്നുള്ള ഉദ്ദേശമായിരിക്കും അദ്ദേഹത്തെ ഇതിനു പ്രേരിപ്പിച്ചതു്. എന്നാൽ ഇതു് ദായക്രമം അനുസരിച്ചിരിക്കുന്ന ഒരു സംഗതിയാണു്. ഇന്ത്യയിൽ ഇൻകംടാക്സ് ഉണ്ടായിട്ടു് എഴുപതോ എഴുപത്തഞ്ചോ കൊല്ലമായി അവിടത്തെ ഒരു ജായിൻറ് ഹിന്ദുഫാമലിയിൽ എത്ര അംഗങ്ങളുണ്ടെങ്കിലും അതിനെ ഒരംഗമായിട്ടാണു് കണക്കാക്കുന്നതു്. അതുപോലെ ഇവിടേയും ജായിൻറ് ഹിന്ദുഫാമലിയെ ഒറ്റയായിട്ടു് വിചാരിക്കുന്നു. ജായിൻറ് ഹിന്ദുഫാമലിയിലും മരുമക്കത്തായവാട്ടിലും ഭാഗം കഴിയുന്നതുവരെ ഓരോ അംഗത്തിനും പ്രത്യേകമായിട്ടുള്ള അവകാശമില്ല. ഭാഗം കഴിഞ്ഞാലെ അവകാശം അതു് കിട്ടുകയുള്ളു. ഇന്ത്യയിൽ തന്നെ അഭിപ്രായവ്യാസംമൂലം ഇതിനെ സംബന്ധിച്ചു് പല കേസുകളും ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ഇന്ത്യയിലെ ഇൻകംടാക്സ് ആക്ടിൽ ക്ലാസ് 3-ൽ ഒരു ഭേദഗതി ചെയ്തു.

ശ്രീ. കെ. പി. നീലകണ്ഠപിള്ള : ക്ലാസ് 3-ലെ ഭേദഗതി എന്തുചെയ്തു?

ശ്രീ. എ. ജെ. ജോൺ : ക്ലാസ് 3-ലെ അമൻറുമെൻറ് ഞാൻ ഇവിടെ വായിക്കാം.

Indian Income-tax Act, Section 9, Clause 3

"Where property is owned by two or more persons and their respective sheres are definite and ascertainable, such persons shall not, in respect of such property be assessed as an association of persons, but the share of each person in the income from the property as computed in accordance with this section shall be included in his total income".

അതുപോലെതന്നെ ബംഗാളിലെ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആക്ടിലും ഒരു വ്യവസ്ഥയുണ്ടു്. അതു് ഞാൻ ഇവിടെ വായിക്കാം.

Bengal Income-tax Act, proviso to Section 3

"Where any property from which agricultural income is derived is owned by two or more persons and their respective shares are definite and ascertainable, such persons shall not in respect of such property be assessed as an association of persons, but the share of each such person in the agricultural income from the property shall be included in his total agricultural income."

ഇതുപോലെയുള്ള വ്യവസ്ഥകൾ ബങ്കാളിലേയും ബിഹാറിലേയും അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആക്ടിലുണ്ടു്. എൻറെ മാന്യ സ്നേഹിതൻറെ ഭേദഗതിയിൽ ടെനൻസി ഇൻ കോമണിനു് ഇതേവരേയുള്ള അവകാശം ഇല്ലാതാക്കിയിട്ടു അവരെ ജോയിൻറ് ടെനൻസ് ആക്കണമെന്നാണു് പറയുന്നതു്. ഈ ഭേദഗതി സ്വീകരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു ഇതിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

The amendment was put and lost.

Sri. K. P. Nilakanta Pillai : I move : In clause 3, add the following proviso after sub-clause (5) : "Provided that all the tenants of the tenancy in common shall be liable jointly and severally for the tax on the total agricultural income received on behalf of the tenants in common".

Again, the same argument may be advanced, namely, the tenants in common stand on a different footing. Therefore, they are expected to get some benefit under the provisions of this Act and my object is to take away that benefit. That is not so. As to some of the arguments advanced by the learned Minister, probably they are not unsound; because, so far as an undivided marumakathayam family is concerned, no junior member or except the Karanavan or manager, no other member could ever be expected to have any individual right or ownership to any portion of the property. Therefore, the argument is not unsound; because, how could he be individually taxed? Suppose the manager or an individual who is in England for education is being given Rs. 5,000 per mensem. Can assessment be made on his income? that amount given for that individual for his educational purposes? That stands altogether on a different principle. Therefore, the arguments of the learned Minister are sound, but the applicability is different. Therefore, even in that case, that individual, junior member, under the law, cannot be taxed, because under the law he cannot be said to possess anything. He is a pauper except as to his right to the joint family property is concerned. It is on that principle that I move this amendment. After partition, why should that minor be made liable jointly, for the assessment on the joint family property? That is the point. Here, tenants

LIBRARY ARCHIVES Kerala Legislative Assembly

in common, of course in law, are recognized to have a definite share in the tenancy in common, and they are assessed accordingly. Suppose, after the five tenants who hold a joint, common, tenancy, one tenant did not pay any income-tax. Why not the other tenants be made jointly liable for the assessment? That is a simple question. If in a joint marumakathayam family, all the members are not liable to be individually assessed, if the provision is made there to that effect, that all are jointly and severally liable for the assessment, on that principle, I raise this amendment That contingency may not arise at all, because in the case of tenants in common, every tenant is expected to have a definite share. Therefore, if one of them is a defaulter, the property of that particular tenant may be proceeded with and the amount may be realized, That, I can understand. But why not they also be made jointly liable? Probably, it may be helping all the five brothers, so that one tenant may not be put into trouble and his property sold in auction or something like that. On that principle, I table this amendment.

ശ്രീ. എ. ജെ. ജോൺ : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ടെനൻസ് ഇൻ കോമൺ എന്നു പറയുന്നതു് എന്താണെന്നു എന്റെ മാന്യ സ്നേഹിയൻ മനസ്സിലാക്കിയിരുന്നെങ്കിൽ ഇതുപോലെയുള്ള ഒരു ഭേദഗതി അവതരിപ്പിക്കുകയില്ലായിരുന്നു. ടെനൻസ് ഇൻ കോമൺ ആയി വസ്തുക്കൾ അനുഭവിക്കുന്ന ഒരു കുടുംബത്തിലെ നാലഞ്ചുപേർ പ്രത്യേകമായും കൂട്ടായും ആദായനികുതിക്കു് ഉത്തരവാദിത്വം വഹിക്കണമെന്നുള്ള അഭിപ്രായം സ്വീകരിക്കത്തക്കതല്ല. അതിനാൽ ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

ശ്രീ. പി. കെ. കൃഷ്ണകുട്ടിമേനോൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

In clause 3 (3) of the Bill—

(*a*) substitute the word 'five', for the word 'ten' whereever it occurs;

(*b*) substitute the words 'six thousand', for the words 'fifteen thousand' wherever they occur.

ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു അഞ്ചംഗങ്ങളിൽ കൂടുതലുള്ളതും ആറായിരം രൂപയിൽ കൂടുതൽ വരവുള്ളതുമായ മരുമക്കത്തായ കുടുംബങ്ങൾക്കും നമ്പൂതിരി കുടുംബങ്ങൾക്കും നികുതിഭാരത്തിനു് ആനുകൂല്യം കൊടുക്കുന്നതിനു വേണ്ടിയാണു്. ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ചു പത്തംഗങ്ങളിൽ കൂടുതൽ ഉണ്ടെങ്കിലും പതിനയ്യായിരം രൂപായിൽ കൂടുതൽ വരവുണ്ടെങ്കിലും മാത്രമെ ഈ ആനുകൂല്യം ലഭിക്കുന്നുള്ളൂ. എന്നാൽ ആറായിരം രൂപായിൽ കൂടുതൽ ആദായം ഉണ്ടെങ്കിലും അഞ്ചംഗങ്ങളിൽ കൂടുതലുണ്ടെങ്കിലും ഈ ആനുകൂല്യം ലഭിക്കണമെന്നുള്ളതാണു് എന്റെ ഭേദഗതിയുടെ ഉദ്ദേശം. ഷെഡ്യൂളിൽ അഞ്ചംഗങ്ങളിൽ കുറയാതെ ഉള്ള ഒരു തറവാടു് ആറായിരം രൂപായിൽ കൂടുതലല്ലാത്ത വരവുള്ളതാണെങ്കിൽ ആദായനികുതി കൊടുക്കേണ്ട എന്ന വ്യവസ്ഥയുണ്ടു്. എന്നാൽ അഞ്ചിനും പത്തിനും മദ്ധ്യേ അംഗങ്ങളുള്ളതും ആറായിരത്തിനും പതിനയ്യായിരത്തിനും മദ്ധ്യേ എതെങ്കിലും സംഖ്യ വരവുള്ളതുമായ തറവാടുകൾക്കു ഇന്നത്തെ നിയമമനുസരിച്ചു യാതൊരാനുകൂല്യവും കിട്ടുന്നില്ല. അങ്ങനെയുള്ള തറവാടുകൾ ആ തുകയുടെ മുഴുവൻ ആദായനികുതിയും ഒരു വ്യക്തിയെപ്പോലെ തന്നെ കൊടുക്കേണ്ടതായി വരും. എന്റെ ഭേദഗതി സഭ സ്വീകരിക്കുന്ന പക്ഷം ഒരു തരത്തിലുള്ള മരുമക്കത്തായകുടുംബങ്ങൾക്കും നമ്പൂതിരി ഇല്ലങ്ങൾക്കും കൊടുക്കേണ്ടിവരുന്ന നികുതിയുടെ തോതു് ഒരു വ്യക്തിയുടേതിനേക്കാൾ കുറവായി കിട്ടുന്നതാണു്. അഞ്ചംഗങ്ങളുടെ ഓഹരി ആദായസംഖ്യയോ ആറായിരം ഉറുപ്പികയോ എതു് കൂടുതലായി വരുന്നുവോ ആ സംഖ്യയുടെ നികുതി തോതുവെച്ചു മുഴുവൻ ആദായസംഖ്യക്കും നികുതി കണക്കാക്കിയാൽ മതിയാകുന്നതാണു്. ഉദാഹരണമായി ആറംഗങ്ങളും മുപ്പതിനായിരം രൂപാ വരവും ഉള്ള ഒരു തറവാടിന്റെ കഥതന്നെ എടുക്കുക. ആളൊന്നുക്കു അയ്യായിരം രൂപായെ ഓഹരിപ്രകാരം നോക്കുമ്പോൾ ഉള്ളൂ. ഇങ്ങനെ വരുമ്പോൾ അഞ്ചാളിനു് ഇരുപത്തയ്യായിരം രൂപായെ വരുന്നുള്ളൂ. എന്റെ ഭേദഗതി അനുസരിച്ചു ആ തറവാടു് മുപ്പതിനായിരം രൂപായുടേയും ആദായനികുതി കൊടുക്കേണ്ടിവരും. പക്ഷെ അഞ്ചാളുടെ ഓഹരിയായ ഇരുത്തയ്യായിരം ഉറുപ്പികക്കു് വരുന്ന ആദായനികുതിയുടെ average rate വെച്ചു മുപ്പതിനായിരം ഉറുപ്പികക്കു് ആദായനികുതി കണക്കാക്കികൊടുത്താൽ മതിയാകുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : ഞാൻ ഈ ഭേദഗതി സ്വീകരിക്കുന്നു.

The amendment was adopted.

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

In clause 3 (4) of the Bill substitute the words 'six thousand' for the words 'ten thousand' wherever they occur.

മരുമക്കത്തായ തറവാട്ടകംകാരും നമ്പൂതിരി കുടുംബങ്ങളംകാരും കിട്ടുന്ന ആനുകൂല്യങ്ങളും അവിഭക്ത ഹിന്ദുകുടുംബങ്ങളംകാരും കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്.

ശ്രീ. എ. ജെ. ജോൺ : ഞാൻ ഈ ഭേദഗതി സ്വീകരിക്കുന്നു.

The amendment was adopted.

The question that clause 3, as amended, stands part of the Bill was put and carried.

Clause 3, as amended, was added to the Bill.

Clause 4

The question that Clause 4 stands part of the Bill was put and carried.

Clause 4 was added to the Bill.

Clause 5

ശ്രീ. പി. നാണു: സർ, ഞാൻ അവതരിപ്പിക്കുന്ന ഭേദഗതി ഇതാണു്.

In clause 5, insert the words 'the Idavagai', after the word 'Government' in line 2 of sub-clause (*a*).

കാഷ്ഠികാദായത്തിനുവേണ്ടി ചില കഴിവുകൾ അനുവദിക്കണമെന്നാണു് ഉ—ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ളതു്. മൂന്നിനം വസ്തുക്കളാണു് ഉ—ംവകുപ്പിൽ പറയുന്നതു്; സർക്കാർവകഭൂമികൾ, ശ്രീപാദം, ശ്രീപണ്ടാരവക ഇവ. ഈയിനത്തിൽ ഇടവകവസ്തുക്കൾകൂടി ചേർക്കണമെന്നുള്ളതാണു് എന്റെ ഭേദഗതി. ഇടവകവസ്തുക്കൾക്കും ഭൂനികുതി കൊടുക്കുന്നുണ്ടു്. അതുകൊണ്ടു് ആ വസ്തുക്കളുടെ കാംകൂടി ഒഴിവാക്കേണ്ടതാണു്. ഈ സംസ്ഥാനത്തെ തിരുവിതാംകൂർ വിഭാഗത്തു നാലു ഇടവകളാണുള്ളതു്. ഈ നാലിടവകകളിലുമുള്ള ഭൂമികൾക്കും സെറിൽമെന്റനടത്തി വസ്തു ഉടമസ്ഥന്മാർക്കു കരംനിശ്ചയിച്ചു പട്ടയങ്ങൾകൊടുത്തിട്ടുണ്ടു്. മാത്രമല്ല, ചില സ്ഥലങ്ങളിൽ ഏക്കറൊന്നിൽ ൧൦ രൂപാവരെ കരംകൊടുക്കുന്നുമുണ്ടു്. ആ നിലയ്ക്കു ഇടവകഭൂമികളുടെ കരം കൂടി ഈയിനത്തിൽ ചേർക്കേണ്ടതു അത്യാവശ്യമാണു്. എന്റെ ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എ. ജെ. ജോൺ: ഭേദഗതി സ്വീകരിക്കുന്നതിനു വിരോധമില്ല. ഇങ്ങനെയൊരു ഭേദഗതി സ്വീകരിച്ചില്ലെങ്കിൽതന്നെ ൫-ാം വകുപ്പു ൪ (ബി) ഉപവകുപ്പുപ്രകാരം ഇടവകവസ്തുക്കൾക്കുകൂടി ഇതു ബാധകമാകുന്നതാണു്. ശ്രീ. പി. നാണു ഇടവക എന്നതുകൂടി ഇവിടെ എടുത്തുചേർക്കണമെന്നു ആവശ്യപ്പെട്ടതുകൊണ്ടു ഈ ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

The amendment was adopted.

ശ്രീ. പി. നാണു: സർ, അടുത്തതായി ഞാൻ അവതരിപ്പിക്കുന്ന ഭേദഗതി ഇതാണു്.

In clause 5, insert the word 'Thiruppuvaram' after the word 'Jenmikaram' in line 3 of sub-clause (*a*).

ഏ വകുപ്പിന്റെ ഉ—ാം ഭാഗത്തു ജന്മികൾക്കു കൊടുക്കുന്ന കരത്തിൽ ജന്മിക്കരം മാത്രമെ കിഴിവെഴുതാൻ നിർദ്ദേശിച്ചിട്ടുള്ളൂ. അതുകൂടാതെ തിരുപ്പുവാരംകൂടി ജന്മികൾക്കു കൊടുക്കുന്നുണ്ടു്. അതുകൊണ്ടാണു ഈ ഭേദഗതികൂടി ഞാൻ അവതരിപ്പിക്കുന്നതു്.

ശ്രീ. എ. ജെ. ജോൺ: ഈ ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

The amendment was adopted.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു.

In clause 5, sub-clause (*f*), take away the semi-colon after 'charge' and add—

"and to the proportion only to which such interest paid relates to the land where it is assessed".

സർ, 6—ാം വകുപ്പിൽ കാർഷികാദായനികുതി കണക്കാക്കുമ്പോൾ പ്രത്യേകം ചില ഐറ്റങ്ങൾ കുറയ്ക്കണമെന്ന വ്യവസ്ഥചെയ്തിട്ടുണ്ട്. അക്കൂട്ടത്തിൽ വസ്തുവിന്മേൽ സ്ഥാപിച്ചിട്ടുള്ള കടത്തിന്മേലുള്ള പലിശയും ഉൾപ്പെടുന്നു. അങ്ങനെ പലിശ കണക്കാക്കുമ്പോൾ അതാതു സ്ഥലത്തുള്ള വസ്തുക്കളുടെ അനുപാതികപ്രകാരമുള്ള പലിശമാത്രമെ കണക്കാക്കുവാൻപാടുള്ളൂ എന്നാണു് എന്റെ ഭേദഗതിയുടെ സാരം. അല്ലാത്തപക്ഷം കാർഷികാദായനികുതി തിട്ടപ്പെടുത്തുന്നതിനു ബുദ്ധിമുട്ടായ ആകെ പലിശ ഒന്നാകെ കണക്കാക്കുമ്പോൾ ഓരോസ്ഥലത്തുമുള്ള ഉദ്യോഗസ്ഥൻ തന്റെ വസ്തുക്കളിലും സ്ഥാപിച്ചുള്ള ഈ പലിശ ഒന്നാകെ കണക്കാക്കും. ഈ കടത്തിന്മേൽ ഉള്ള പലിശയെപ്പറ്റിതന്നെ എനിക്കു ഭൂരിഭാഗമെ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. കാർഷികമായ ആവശ്യങ്ങൾക്കുവേണ്ടിയാണു ഒരു വസ്തുവിന്മേൽ കടം ഉണ്ടാകുന്നതെങ്കിൽ, അതിന്മേൽ കാർഷികാദായനികുതി ചുമത്തുവാൻ പാടില്ലാത്തതാണു്. പക്ഷേ ആ അഭിപ്രായത്തിലുള്ള ഒരു ഭേദഗതിഹാജരാക്കിയാൽ അതു് ഇന്നത്തെ നിലയ്ക്കു് സ്വീകരിക്കുകയില്ലെന്നും എതിർക്കുമെന്നും ഇനിക്കറിയാവുന്നതിനാൽ എതിർപ്പിന്റെ വ്യാപ്തികുറക്കാമെന്നു് കരുതിയാണു് ഇങ്ങനെയുള്ള ഒരു ഭേദഗതി ഞാൻ ഹാജരാക്കിയിട്ടുള്ളതു്. എന്നാൽ കാർഷികമായി യാതൊരു ബന്ധവുമില്ലാത്ത മറ്റാവശ്യങ്ങൾക്കുവേണ്ടിയാണു കടംവാങ്ങുന്നതെങ്കിൽ അതു കുറയ്ക്കുന്നതു ശരിയല്ലെന്നും തോന്നുന്നുണ്ടു്. ആ നിലയ്ക്കു നോക്കുമ്പോൾ അമിതമായും അനാവശ്യമായും ഈ കടത്തിന്മേലുള്ള പലിശ കാർഷികാദായനികുതി തിട്ടപ്പെടുത്തുവാൻ നിയുക്തരാകുന്ന ഉദ്യോഗസ്ഥന്മാർ കിഴിവു എഴുതി ശമ്പളത്തിനു ലഭിക്കുവാനുള്ള നികുതി നഷ്ടപ്പെടാതിരിക്കുവാൻവേണ്ടിയാണു ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. ഒരു ഉദാഹരണംപറഞ്ഞു് ഈ ഭേദഗതി സ്വീകരിക്കേണ്ട ഔചിത്യത്തെപ്പറ്റി ഞാൻ ബോദ്ധ്യപ്പെടുത്താം.

ഒരാൾക്കു് മൂന്നു വസ്തുക്കൾ ഉണ്ടെന്നു വിചാരിക്കുക. അതായതു് ഉദാഹരണമായി നാഗർകോവിലിലും കോട്ടയത്തും എറണാകുളത്തും ഓരോവസ്തുക്കൾ ഉണ്ടു്. ഈ മൂന്നു വസ്തുക്കളിൽക്കൂടി സ്ഥാപിച്ചു് ൩,൦൦൦ രൂപ കടമുണ്ടെന്നിരിക്കട്ടെ. ഇപ്രകാരമുള്ള ൩,൦൦൦ രൂപക്കു് പ്രതിവർഷം പലിശ ഇനത്തിൽ ൩൫൦ രൂപയാണു് ഉള്ളതു്. ഈ പലിശ ഈ മൂന്നു വസ്തുക്കളിൽക്കൂടി ഒന്നായിട്ടു കണക്കാക്കുന്നതിനു പകരം ഓരോ സ്ഥലത്തും വീണ്ടും വീണ്ടും ഒന്നാകെ കണക്കാക്കുന്നപക്ഷം നികുതി കൊടുക്കേണ്ടിവരുന്ന ആളിനു്, അതായതു് ഭൂമി ഉടമസ്ഥനു്, ലാഭമാണുണ്ടാകുന്നതു്. കാരണം നാഗർകോവിലുള്ള വസ്തുവിന്റെ ആദായനികുതി പിരിക്കാൻ ഒരു ഉദ്യോഗസ്ഥൻ പോകുന്നു. അവിടെ ചെന്നപ്പോൾ ഒന്നാകെയുള്ള പലിശ ൩൫൦ രൂപ ആദായത്തിൽനിന്നും ഇളച്ചുകൊടുക്കുന്നു. ഈ പ്രമാണത്തിന്റെ പകർപ്പുതന്നെ കോട്ടയത്തും എറണാകുളത്തും ഹാജരാക്കുന്നു. ഈ ഓരോ സ്ഥലത്തും ൩൫൦ രൂപാവീതം ആകെയുള്ള ആദായത്തിൽനിന്നും ഉദ്യോഗസ്ഥന്മാർ ഇളവുചെയ്തുകൊടുക്കുന്നു. അങ്ങനെ വരുമ്പോൾ ൩൫൦ രൂപ ആകെ ഇളവുചെയ്യുന്നതിനു പകരം അതിന്റെ മൂന്നിരട്ടി ഇളവുചെയ്തുകൊടുക്കുന്ന ഒരു പതിവാണു് ഇവിടെ ഉണ്ടായികൊണ്ടിരിക്കുന്നതു്. അതിനെയാണു് ഞാൻ എതിർക്കുന്നതു്.

ശ്രീ. എ. ജെ. ജോൺ: വസ്തുവിന്മേലുള്ള കടത്തിന്റെ പലിശക്കുവേണ്ടി ഓരോരുത്തർക്കും ഒരു സ്ഥലത്തുമാത്രമേ ഇളവുചെയ്തു കൊടുക്കുകയുള്ളുയെന്നുള്ള കാര്യം അറിയാമോ?

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, അങ്ങനെയായിരുന്നാൽതന്നെയും ചില വസ്തുക്കളുടെ ഉടമസ്ഥന്മാർ ഉദ്യോഗസ്ഥന്മാരെ കളിപ്പിക്കാതിരിക്കുകയില്ല. അങ്ങനെ വരാതിരിക്കുന്നതിനുവേണ്ടിയാണു് ഞാൻ ഈ ഭേദഗതികൊണ്ടു വന്നിരിക്കുന്നതു്. ഒരു സ്ഥലത്തുള്ള വസ്തുവിൽനിന്നും എത്ര രൂപ ഇളച്ചുകൊടുത്തിട്ടുണ്ടെന്നുള്ളതിലേക്കു് രേഖാമൂലമായ തെളിവു് അവിടെ

[Sri. A. K. Patchu Pillai]

ഞാൻ മുമ്പുപറഞ്ഞ രീതിയനുസരിച്ച് നന്ദ ഠ ശ്രപ പലിശ ഉണ്ടെങ്കിൽ ഓരോ സ്ഥലത്തും ഫഢ ഠ ശ്രപാഢിതം ഇളച്ചുകൊടുത്തിട്ട് ബാക്കിയുള്ള തുകക്കുമാത്രമേ ആദായനികുതി ഈടാക്കാൻ പാടുള്ളുയെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. മറ്റു ഭേദഗതി സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നതു് ആ ഭേദഗതിയുടെ വ്യഗ്രത നോക്കിയാണു്. സ്വീകരിക്കാൻ പാടില്ലാത്ത ഭേദഗതിയാണെങ്കിൽ എത്രതന്നെ വാദിച്ചാലും തള്ളിക്കളയുകയേയുള്ളു. ശ്രീമാൻ പാച്ചുപിള്ള പറയുന്നതു് ഒരാൾക്കു് രണ്ടുമൂന്നുസ്ഥലത്തു് വസ്തുക്കളുണ്ടെങ്കിൽ അതാതു സ്ഥലത്തെ ആദായനികുതി വസ്തുവിന്റെ കടത്തിനുമേലുണ്ടിയുള്ള പലിശതട്ടിക്കഴിച്ചു് പ്രത്യേകം പ്രത്യേകം ഈടാക്കിയെടുക്കണമെന്നാണു്. അതല്ലെങ്കിൽ ഗവണ്മെണ്ടിൽനിന്നും ആദായനികുതി നഷ്ടപ്പെടുമെന്നു പറയുന്നു. എനിക്കു് അതിൽ വിശ്വാസമില്ല. മറ്റൊന്നു പറയുന്നതു് ഒരു വസ്തുവിലുള്ള കടത്തിനുമാത്രമേ ആ വസ്തുവിൽനിന്നും ഈടാക്കേണ്ട ആദായനികുതിയിൽ ഇളവുചെയ്യാൻ പാടുള്ളുയെന്നു്. ഇതും ശരിയല്ല. അതുകൊണ്ടു് ഭേദഗതിയെ ഞാൻ എതിർക്കുന്നു.

Sri. D. Gnagasigamoni: Has it come to the notice of the Hon'ble Minister that the same person is taxed in different places?

ശ്രീ. എ. ജെ. ജോൺ: നികുതിദായകന്മാർ ആരെങ്കിലും ആദായനികുതി സംബന്ധിച്ചു കാര്യങ്ങൾക്കു് നികുതി ഈടാക്കേണ്ടതു് കൂടുതൽ വസ്തുക്കൾ കിടക്കുന്ന സ്ഥലത്തുമാത്രമേ പാടുള്ളുയെന്നു് ആഫീസറന്മാരെ ബോദ്ധ്യപ്പെടുത്തിയാൽ അവർ അങ്ങനെ ചെയ്യുന്നതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങനെയായിരുന്നാൽ തന്നെയും ചില അവസരങ്ങളിൽ വലിയ വ്യത്യാസങ്ങൾ നേരിടുകതന്നെ ചെയ്യുമെന്നു് ബഹുമാനപ്പെട്ട മന്ത്രിക്കു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഒരു വ്യത്യാസവും നേരിടുകയില്ല.

The amendment was put and lost.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ഞാൻ ഇവിടെ അവതരിപ്പിക്കാൻ തുടങ്ങുന്ന ഭേദഗതി ഇതാണു്.

In clause 5, delete sub-clause (k) and re-letter the remainining sub-clauses.

അതായതു് ബില്ലിൽ 8–ാം വകുപ്പിലെ സബ്ക്ലാസ് (കെ) എടുത്തുകളയണമെന്നാണു് എന്റെ അഭിപ്രായം. കാരണം ഞാൻ മുമ്പു വിവരിച്ചതുപോലെ ഫ ര ഐറ്റങ്ങൾക്കു് നികുതി സൗജന്യം ചെയ്യാമെന്നു് ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. അങ്ങനെയുള്ള ഐറ്റങ്ങൾ അവ അർഹിക്കുന്ന ഓരോ സംഗതിയെപ്പറ്റിയും ഗവണ്മെന്റു വേണ്ട വിധത്തിൽ ആലോചിച്ചതിനു ശേഷമാണു് ഇങ്ങനെയുള്ള വ്യവസ്ഥകൾ എഴുതിച്ചേർക്കാനിടയായിട്ടുള്ളതു്. ഈ വിധത്തിൽ പ്രത്യേകം പ്രത്യേകമുള്ള സംഗതികളെപ്പറ്റി പ്രത്യേകം പ്രത്യേകം വ്യവസ്ഥചെയ്തിരിക്കെ 8–ാം വകുപ്പിലെ (കെ.)ഉപവകുപ്പിന്റെ ആവശ്യം ഇല്ലെന്നുള്ളതു് ചിന്തിച്ചാൽ മനസിലാകും. നേരെ മറിച്ചു് എന്റെ ഭേദഗതി സ്വീകരിക്കുന്നില്ലെങ്കിൽ തന്നിനിമിത്തം പല വിധ കഴപ്പങ്ങൾക്കും അനീതികൾക്കും കാരണമാകുമെന്നുള്ളതു് തീച്ചയാണു്. ഉദ്യോഗസ്ഥന്മാരുടെ ഇഷ്ടത്തിനൊത്തവണ്ണം ഏതെങ്കിലും വ്യക്തികളെ സഹായിക്കാതിരിക്കുന്നതിനും ഉദ്യോഗസ്ഥന്മാരിൽ പ്രേരണചെലുത്തി അവരെ വഴിതെറ്റിക്കാതിരിക്കുന്നതിനും മറ്റുമാണു് ഞാൻ ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ആയതുകൊണ്ടു് ഈ വകുപ്പു് എടുത്തുകളയണമെന്നാണു് എന്റെ അപേക്ഷ.

ശ്രീ. ഇട്ടീര അയ്യക്കൻ: സർ, മി. പാച്ചുപിള്ളയുടെ ഭേദഗതിയെ എതിർത്തുകൊണ്ടു് ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. (കെ) ഉപവകുപ്പു് എടുത്തുകളയരുതെന്നാണു് എന്റെ അഭിപ്രായം. അദ്ദേഹത്തിനു ഉദ്യോഗസ്ഥന്മാരോടും ഈ ഗവണ്മെണ്ടിനോടും വിശ്വാസമില്ലാത്തതുകൊണ്ടാണു് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കാൻ ഇടയായതു്. ചിലപ്പോൾ കൃഷിക്കാർക്കു് ഒന്നരണ്ടു വർഷം തുടച്ചയായി കൃഷിനാശം സംഭവിച്ചുയെന്നുവന്നേക്കാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഈ വകുപ്പു് അവക്കു് കുറച്ചാശ്വാസംനൽകാൻ പര്യാപ്തമാണു്. അതുകൊണ്ടു് ആ വകുപ്പു് എടുത്തുകളയരുതെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ: ആദായം കണക്കാക്കുന്ന വിഷയത്തിൽ കർഷകർക്ക് വകവച്ചുകൊടുക്കാനായിട്ട് ചില വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഇതിനുംപുറമെ വല്ല കാരണവശാലും അവക്ക് കൃഷിയിൽ നഷ്ടം വന്നുപോയാൽ ഇതിനുകൂടി പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് (കെ.) ഉപവകുപ്പ് ബില്ലിൽ ചേർത്തിരിക്കുന്നത്. എന്നാൽ വകവച്ചുകൊടുക്കാനായിട്ടുള്ള ഈ ഫർ ഇനങ്ങൾതന്നെ കൂട്ടലായിപോയി എന്നല്ലാ നാം വിചാരിക്കേണ്ടത്. കർഷകരെ സഹായിക്കുന്നതിനു ഈ ബില്ലിൽ ഇനിയും എതെങ്കിലും ഐറ്റം കൂടി ചേർക്കേണ്ടിവന്നാൽ തന്നെയും അതു ചെയ്യുന്നതിനു ഗവണ്മെണ്ടിനു മടിയില്ല. ആ ഉദ്ദേശത്തെ സ്പഷ്ടമായി സൂചിപ്പിക്കുന്ന ഒരു വകുപ്പാണ് (കെ.) ഉപവകുപ്പ്. മി. പാച്ചുപിള്ളയുടെ വാദം കേട്ടാൽ തോന്നും, ഈ രാജ്യത്തുള്ള ആദായനികുതി ഉദ്യോഗസ്ഥന്മാർ എല്ലാവരും കൈക്കൂലിക്കാരും കള്ളന്മാരുമാണെന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, എല്ലാ ഉദ്യോഗസ്ഥന്മാരും അങ്ങിനെയുള്ള വരാണെന്നു ഞാൻ പറഞ്ഞതായി ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയെങ്കിൽ അതു തെറ്റാണു. ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ലാ. അതു നിർഭാഗ്യകരമല്ലെ.

ശ്രീ. എ. ജെ. ജോൺ: കൈക്കൂലി വാങ്ങാത്തവരും സത്യവാന്മാരുമായ ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നു ഉദ്ദേശിക്കുന്ന ഈ ഗവണ്മെണ്ടു് ഈ കാര്യത്തിൽ ഒട്ടും അലസതവിചാരിക്കുകയില്ലെന്നു എനിക്കു പറയാൻ സാധിക്കും ആ കാരണത്താൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ ഞാൻ താഴെ പറയുന്ന ഭേദഗതി സഭയുടെ അനുവാദത്തിനായി സമർപ്പിക്കുന്നു.

In clause 5, sub-clause (*m*) (*i*) after the word 'actually', add the words 'and reasonably'.

അതായതു യഥാർത്ഥമായിട്ടു ഒരു കർഷകനു ചിലവായിട്ടുള്ള സംഖ്യകൾ വകവച്ചുകൊടുത്തതിനു ശേഷമാണു കാർഷികാദായനികുതി കണക്കാക്കേണ്ടതു് എന്നു ബില്ലിൽ കാണുന്നു. യഥാർത്ഥമായി ചിലവായിട്ടുള്ള തുക എന്താണെന്നുള്ളതിലേയ്ക്കു കണക്കുകൾ ശരിയായി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ അവ മനസ്സിലാക്കുന്നതിനു പ്രയാസമില്ല. എന്നാൽ പല സന്ദർഭങ്ങളിലും 'യഥാർത്ഥ ചിലവു്' പുഴുതിക്കുടി വെയ്ക്കാൻ സാധിക്കാത്തവരാണു് നമ്മുടെസംസ്ഥാനത്തുള്ളവരിൽ ഭൂരിഭാഗം കർഷകരും. ഉദാഹരണമായിട്ടു ഒരു സ്ഥലത്തു നിന്നും മുന്നമൈൽ ദൂരമുള്ള മറ്റൊരു സ്ഥലത്തേയ്ക്കു്, ഒരു ചുമടു് കൊണ്ടുപോകുന്നുഎന്നിരിക്കട്ടെ. അതിനു കൂലിച്ചിലവു് ഒരു രൂപയായിരിക്കും. എന്നാൽ അതേ ദൂരമുള്ള മറ്റൊരു സ്ഥലത്തേയ്ക്കു കൊണ്ടുപോകുമ്പോൾ ഒരു രൂപയെന്നുള്ളതു ചിലപ്പോൾ കുറയാനും മതിയാകും കൂടാനും മതിയാകും. അങ്ങനെ വരുമ്പോൾ യഥാർത്ഥം എന്ന പദം ഉപയോഗിച്ചാൽ മാത്രം പോരാ. അവിടെയാണു റീസണബിലി എന്നുകൂടി ചേർക്കണമെന്നു ഞാൻ പറയുന്നതു്.

ശ്രീ. ഇട്ടീര അമ്മുക്കൻ: സർ, ഞാൻ ആ അഭിപ്രായത്തെ എതിർക്കയാണു ചെയ്യുന്നതു്. കർഷകർക്കു് ഈ വക കാര്യങ്ങളിൽ ശരിയായ കണക്കു് സൂക്ഷിക്കുന്നതിനു സാധിക്കുകയില്ല. സ്ഥലങ്ങളുടെ കിടപ്പും വ്യത്യാസവും അനുസരിച്ചു് കൂലികൂടുകയും കുറയുകയും ചെയ്യും. അതനുസരിച്ചാണു് ബില്ലിൽ ആക്ച്വൽ എന്നു പറഞ്ഞിരിക്കുന്നതു്. അതിൽ കൂടുതലായിട്ടൊന്നും ഭേദപ്പെടുത്തേണ്ട ആവശ്യമില്ല.

The House adjourned for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

ശ്രീ. എ. ജെ. ജോൺ: ശ്രീമാൻ പാച്ചുപിള്ളയുടെ ഭേദഗതിയെ ഞാൻ എതുക്കുന്നു. ആ ഭേദഗതിയുടെയാതൊരാവശ്യവുമില്ല. നികുതി ദായകൻ ആക്ച്വൽ അതെന്നു പറഞ്ഞു കൊടുക്കുന്ന കണക്കു് ഇൻകംടാക്സ് ആഫീസർ അതേപടി സ്വീകരിക്കുകയില്ല. അദ്ദേഹം നോക്കിയ ശേഷം മാത്രമേ സ്വീകരിക്കുകയുള്ളൂ. ആ നിലയിൽ ഭേദഗതിയിൽ പറയുന്ന വാക്കുകൂടി ചേർക്കേണ്ട ആവശ്യമില്ല.

The amendment was put and lost.

Sri. A. K. Patchu Pillai Sir, I move: "In Clause 5, sub-clause (*n*) (*i*), line 3, after the word 'to' and the word 'a' and in the same line after 'market', remove comma, and add "in Travancore-Cochin".

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Pachu Pillai]

എതെങ്കിലും കാഷ്ടികോല്പന്നങ്ങളം ഉണ്ടാക്കിയ സ്ഥലത്തുനിന്നം കമ്പോളങ്ങളിൽ കൊണ്ടുപോകുന്നതിനുള്ള ചെലവുകൂടി തള്ളിയശേഷം വേണം കാഷ്ടികാദായനികുതി കണക്കാക്കേണ്ടതെന്നാണ് ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നത്. അതു വളരെ വേഗാണ്. മാക്രെന്ന പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് എതു വിപണികളും ആകാവുന്നതാണ്. കാഷ്ടികോല്പന്നങ്ങളം ലോകത്തിന്റെ പല ഭാഗങ്ങളിലും അയയ്ക്കാറുണ്ട്, വില്ക്കാറുമുണ്ട്. അങ്ങനെയിരിക്കുന്ന അവസരത്തിൽ നികുതിദായകൻ ലോക്കൽ മാർക്കറ്റുകളിൽത്തന്നെ വിറ്റിട്ട് അന്യസ്ഥലത്തുകൊണ്ടുപോയി വിറ്റ എന്നുള്ളതിലേക്ക് കണക്കുകളോ വൗച്ചറുകളോ ഹാജരാക്കി അതിലേക്ക ചിലവുകാണിച്ച് ലാഭം എടുക്കുന്നതിനു് ഉപയോഗപ്പെടുന്ന ഒരു വകുപ്പായിരിക്കും ഇതു്. എടുത്ത അമൻറുമെൻറിനോട് വളരെ ബന്ധമുള്ള ഒരു അമൻറുമെൻറാണ് ഉവ്വും നമ്പരായുള്ള മി. നാണുവിന്റെ അമൻറുമെൻറ്. അതു കൂട്ടിക്കുടി സങ്കലിതമാണ്. തിരുവിതാംകൂർ–കൊച്ചിയിലുള്ള എതു മാർക്കറ്റിൽ അയയ്ക്കുന്നതിലേക്കും എന്റെ അമൻറ്മെൻറുകൊണ്ട് ഞാൻ സമ്മതിച്ചുകൊടുത്തിരിക്കുയാണ്. ആ നിലയിൽ എന്റെ ഭേദഗതി വളരെ ന്യായമായ ഒന്നാണ്. ലോകത്തിലുള്ള എതെങ്കിലും മാർക്കറ്റിൽ കൊണ്ടുപോയി വില്ക്കുക്ക നിലയിൽ ഒരു നീണ്ട വ്യവസ്ഥ നികുതിദായകന്റെ കൈയിൽ കൊടുക്കുന്നതു് ന്യായമല്ല. അതിനാൽ എന്റെ ഭേദഗതി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എ. ജെ. ജാൺ: ഞാൻ ഈ ഭേദഗതിയെ എതുക്കുന്നു. നികുതിദായകന്മാർ ഒരുവക സംബോധനമുള്ളവരാണെന്നാണ് വയ്പ്. സാധനങ്ങളം ചെലവുള്ള സ്ഥലത്തല്ലാതെ ഹൈദ്രാബാദിലോ മറേറാ കൊണ്ടുപോയി വില്ക്കുമെന്നു് വിചാരിക്കാൻ ന്യായമില്ല. മാർക്കറ്റ് എന്നുവെച്ചാൽ ചന്തയല്ല. നികുതിദായകൻ പറയുന്നതു് ശരിയാണോ, തെറ്റാണോ എന്നു നോക്കിത്തീരുമാനിക്കുന്നതിനുള്ള അവകാശം ഇൻകംടാക്സാഫീസർക്കു് ഉണ്ടായിരിക്കും.

The amendment was put and lost.

The question that clause 5, as amended, stands part of the Bill was put and carried.

Clause 5, as amended, was added to the Bill.

Clauses 6 to 9

The question that clauses 6 to 9 stand part of the Bill was put and carried.

Clauses 6 to 9 were added to the Bill.

Clauses 10 and 11

Sri. A. K. Patchu Pillai: I move: "In clause 10 (*b*), line 3, delete the words 'or will pay'

ഡിവിഡൻറ് ഷെയർ ഹോൾഡേഴ്സിനും ഡയറക്ടേഴ്സിനും വീതിച്ചുകൊടുക്കുന്നതു എത്രയാണോ അത്രയും സംഖ്യ കൂടി കാഷ്ടികാദായനികുതിയിൽ നിന്നും ഒഴിവാക്കുമെന്നാണ്, ഈ വകുപ്പുകൊണ്ടു കാണുന്നതു്. അങ്ങനെ യഥാർത്ഥമായി ഡിവിഡണ്ടു് വീതിച്ചുകൊടുക്കുകയാണെങ്കിൽ ആ തുക കുറക്കുന്നതിന്റെ ന്യായത്തെപ്പറ്റി മനസ്സിലാക്കാം. എന്നാൽ മേലാൽ കൊടുക്കാൻ ഇരിക്കുന്നതായ സംഖ്യ കൂടി ഒഴിവാക്കുമെന്നു പറയുന്നതു് വളരെ അപകടകരമായ ഒരു സംഗതിയാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെ നികുതിയിൽനിന്നും ഒഴിഞ്ഞുമാറുന്നതിനുള്ള വഴി തെളിച്ചുകൊടുക്കാതെ സുനിശ്ചിതമായ വകുപ്പുകൾ ഉൾപ്പെടുത്തുന്നതായിരിക്കും നല്ലതു്. കണക്കിലെല്ലാം കാണുമെങ്കിലും തുക്കമായിട്ടുള്ള സംഖ്യയാണ് ഓഹരിക്കാർക്കു കിട്ടുന്നതു്. അതുതന്നെയും കൊടുത്തില്ലെന്നാണു ഞാൻ വാദിച്ചതു്. അതുതന്നെയാണ് ഇപ്പോൾ ഇവിടെ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്. കൊടുത്തുകഴിഞ്ഞ തുകയാണെങ്കിൽ അതു മനസ്സിലാക്കാം. കൊടുക്കാത്ത തുക വക വെച്ചുകൊടുത്താൽ അതു പിന്നെ കൊടുക്കുന്നതെതന്നെ ഇരുന്നേക്കാം. അങ്ങനെ കൊടുക്കുന്നതാണെന്നുപറഞ്ഞു ഇൻകംടാക്സ് ആഫീസറെ കളിപ്പിക്കാൻ സാധിക്കുന്ന ഒരു വകുപ്പാണിതു്. ശരിയായിട്ടുള്ള തുക ഈടാക്കണമെന്നുള്ള ആഗ്രഹം ഗവൺമെണ്ടിനുണ്ടെങ്കിൽ എന്റെ അമണ്ടുമെണ്ടു് സ്വീകരിക്കേണ്ടതാണ്.

ശ്രീ. എ. ജെ. ജാൺ: ഭേദഗതിയിൽ പറയുന്നതുപോലെ or will pay എന്നുള്ളതു് എടുത്തുകളയേണ്ട യാതൊരാവശ്യവുമില്ല. ഡിവിഡണ്ടു് ഡിക്ലയർ ചെയ്തുകഴിഞ്ഞാൽ ഷെ

LIBRARY ARCHIVES Kerala Legislative Assembly

യർ ഹോൾഡേഴ്സിനു് കിട്ടാനുള്ള അവകാശമുണ്ടു്. ആ നിലയിൽ അതു അവിടെ ഇരിക്കുന്നതുകൊണ്ടു് യാതൊരു അപകടവും ഇല്ല. അതിനാൽ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

Sri. Ittiera Ambookan: Sir, I move:

"In clause 10 (e) (i), before the words 'to effect', add 'in any Kuri or Chitti or'".

കഷ്ടകനു സാധാരണയായി ഇൻഷുറൻസു് ഒന്നും അധികം ഉണ്ടാകുന്നതല്ല. ഇതിൽ ഉദ്ദേശിച്ചിരിക്കുന്ന ഗുണം കഷ്ടകനു കിട്ടണമെങ്കിൽ ചിട്ടികളുടെ കാര്യത്തിൽ കൂടി ഒരു ഒഴിവുകഴിവു വക്കേണ്ടതുണ്ടു്. ഇതിനെപ്പറ്റി കൂടുതലായി ഞാൻ ഒന്നും പറയുന്നില്ല. ഗവമ്മെണ്ടു് ഈ ഭേദഗതി സ്വീകരിക്കുമെന്നു് വിശ്വസിക്കുന്നു.

ശ്രീ. എ. ജെ. ജാൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അല്പോഹം തന്നെ പറഞ്ഞു ഇതിനെപ്പറ്റി കൂടുതലായൊന്നും പറയാനില്ലെന്നു്. ആദായം ഉള്ളതനുസരിച്ചു് ചിട്ടിയിൽ ചേർന്നാൽ മതി. ചിട്ടിക്കു കൊടുക്കാൻ അനുവദിക്കുകയാണെങ്കിൽ പിന്നെ ബാക്കിയൊന്നും കാണുകയില്ല.

The amendment was put and lost.

Sri. A. K. Patchu Pillai: Sir, I move: "In clause 10, delete sub-clause (e)"

സബ്ക്ലാസ്സു് (ഇ) കൊണ്ടു കാണുന്നതു് ഒരു ഭാര്യയോ ഭർത്താവോ ഇൻഷുറൻസു് വകയ്ക്കു് കൊടുത്ത സംഖ്യകൂടി നികുതിയിൽനിന്നും ഒഴിവാക്കിക്കൊടുക്കുമെന്നാണു്. ശ്രീമാൻ അംബൂക്കന്റെ ഭേദഗതിയെ എടുത്തപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി ചിട്ടികൾക്കു കൊടുക്കാൻ അനുവദിക്കുകയാണെങ്കിൽ ബാക്കിയൊന്നും കാണുകയില്ലെന്നു്. അതും ഇതും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. കാഷ്ടികാദായനികുതിയും ഇൻഷുറൻസുമായി യാതൊരു ബന്ധവുമില്ല. മരിച്ചു കഴിഞ്ഞശേഷം ഒരാൾക്കു കിട്ടേണ്ട സംഖ്യക്കാണു് ഇൻഷുറൻസിൽ ചേരുന്നതു്. കൃഷിക്കാർ മാത്രമല്ല മറ്റു പല തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും ഇൻഷുറൻസിനു് ചേരുന്നുണ്ടു്. അതായതു പണമുള്ളവരെല്ലാം ചേരുന്നുണ്ടു്. അങ്ങനെ ഇൻഷുറൻസിനു കൊടുക്കുന്ന സംഖ്യകൂടി കാഷ്ടികാദായനികുതിയിൽ നിന്നും ന്യായപ്രകാരം ഒഴിവാക്കുന്നതിനാണു് ഈ വകുപ്പു് എഴുതിച്ചേർത്തിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. സാധാരണ നാലായിരമോ, അയ്യായിരമോ ത്രുപാ വരവുള്ള ആളുകൾ ഇൻഷുറൻസിൽ ചേരുകയില്ല. "പാറതായിരം പോറതായിരം" എന്നുള്ള തോട്ടമുടമസ്ഥന്മാരും മറ്റുമാണു് ഇൻഷുറൻസിനു പണം കൊടുക്കുന്നതു്. ആ നിലയിൽ വലിയ പണക്കാരെ സഹായിക്കുന്നതിനു മാത്രം എഴുതി ചേർത്തിട്ടുള്ള ഒരു വകുപ്പാണിതു്. ഞാൻ ഈ വകുപ്പിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. എ. ജെ. ജാൺ: ഭേദഗതിയെ ഞാൻ വളരെ ശക്തിയായി എതുക്കുന്നു. ഇന്ത്യയിലുള്ള ആദായനികുതി ആകട്ടെ തിരുവിതാംകൂറിലുള്ള ആദായനികുതി ആകട്ടെ ഇൻഷുറൻസിനുള്ള തുക കുറക്കാമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. പറയുന്ന രീതിയിൽ പരിഭേജനകമായി യാതൊന്നും ഇതിൽ ഇല്ല. ലോകം മുഴുവനും സ്വീകരിച്ചിട്ടുള്ള ഒരു വ്യവസ്ഥയാണിതു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ലൈഫ് ഇൻഷുറൻസിനെപ്പറ്റിയാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: അതെ.

The amendment was put and lost.

The question that clauses 10 and 11 stand part of the Bill was put and carried.

Clauses 10 and 11 were added to the Bill.

Clause 12

Sri. A. K. Patchu Pillai: Sir, I move:

"In clause 12, last line, omit 'six' and substitute 'three'

കമ്പനിയിലോ മറ്റു കൂട്ടുകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കോ തോട്ടക്കാർക്കോ മറ്റു കൃഷിക്കാർക്കോ കൃഷി സംബന്ധമായ വ്യാപാരത്തിൽ സംഘടിച്ചുകൊണ്ടിരിക്കുന്ന ന

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Pachu Pillai:]

ഷ്ടം സംബന്ധിച്ച് ആറ വഷ്ടം വരെയുള്ള നഷ്ടം വകവച്ചുകൊടുക്കാമെന്നാണ് ഈ വകുപ്പിൽ പറയുന്നത്. ആറ കൊല്ലത്തിനുമുമ്പ് നഷ്ടം നേരിടുകയാണെങ്കിൽ അടുത്ത കൊല്ലത്തെ കാഷ്ികാദായനികുതി നിശ്ചയിക്കുമ്പോൾ ആറ കൊല്ലത്തെ നഷ്ടം വകവച്ചു ബാക്കിയുള്ള തുകക്ക് ഇൻകംടാക്സ് കൊടുത്താൽ മതിയെന്നാണ് ഇതിന്റെ താല്പര്യം. ഈ ആറ വഷ്ടം എന്നുള്ളതിനു എന്താണ പ്രത്യേകത എന്ന എനിക്ക മനസ്സിലാകുന്നില്ല. ആറ കൊല്ലം നഷ്ടം വരുന്നതിനുവേണ്ടി മാത്രം ഒരു കൃഷിക്കാരനും കൃഷി സാധാരണ നടത്തുകപതിവില്ല. അങ്ങനെ നടത്തിയെന്ന പറയുന്നെങ്കിൽ അതു തീർച്ചയായും കബളിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കും. ഞാൻ മുമ്പു പറഞ്ഞതുപോലെ ഇതും കളവു ചെയ്യുന്നതിനുള്ള വഴി ഉണ്ടാക്കിക്കൊടുക്കുന്ന ഒരു വകുപ്പാണ്. ഒന്നോ രണ്ടോ കൊല്ലം നഷ്ടം വരുമ്പോൾ കൃഷിസംബന്ധമായ കായ്ം നിറുത്തുകയാണ് സാധാരണ കൃഷിക്കാർ ചെയ്യുന്നതായി കാണുന്നതു. യഥാർത്ഥത്തിൽ നഷ്ടം വരുന്ന കൃഷിക്കാരെ രക്ഷിക്കണമെന്നുള്ള ഉദ്ദേശമാണുള്ളതെങ്കിൽ ഈ 'ആറ കൊല്ലമെന്നുള്ളതു' മൂന്നു കൊല്ലമാക്കിയാൽ മതിയാകുന്നതാണ്. അതുകൊണ്ട് 'ആറ കൊല്ലം എന്നുള്ളതു' മൂന്നു കൊല്ലമെന്നാക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എ. ജെ. ജാൺ: ഞാൻ ഭേദഗതിയെ എതിർക്കുന്നു. മി, പാച്ചുപിള്ളയുടെ അഭിപ്രായം കേട്ടാൽ ഇതു തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള മുതലാളിമാരെ സഹായിക്കുന്നതിനു പുതിയതായി ചേർത്തിട്ടുള്ള ഒരു വകുപ്പാണെന്നു തോന്നും. അങ്ങനെയൊന്നുമല്ല. ഇൻഡ്യയിൽ ഈ വകുപ്പുണ്ടായിട്ട് അധികം കാലമായി.

Sri. K. P. Nilakanta Pillai: Sir, the Hon'ble Minister has been quoting very often from the provisions of the Indian Incom Tax Act. Is it in support of the provisions of this Agricultural Income Tax Bill?

ശ്രീ. എ. ജെ. ജാൺ: അല്ലാതെ കോട്ട ചെയ്യുകയില്ലല്ലൊ. ഇൻഡ്യയിൽ നടക്കുന്നതുപോലെ നമുക്കും ഒരു നിയമം വേണമെന്നു വിചാരിച്ചാണ് അതു കോട്ട ചെയ്യുന്നു. ഇൻഡ്യൻ ആക്ടിൽ ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. അതിലും ആറുകൊല്ലമാണ് വച്ചിരിക്കുന്നതു. ഇവിടെയുള്ള ഇൻകംടാക്സ് ആക്ടിലും ആറുകൊല്ലമെന്നാണ് വച്ചിരിക്കുന്നതു. ഇതൊരു പുതിയ വ്യവസ്ഥയല്ല.

The amendment was put and lost.

The question that clause 12 stand part of the Bill was put and carried.

Clause 12 was added to the Bill.

Clause 13

Sri. A. K. Patchu Pillai: Sir, I move:

Omit clause 13, and renumber the remaining clauses.

ഈ ക്ലാസ്സ് മുഴുവൻതന്നെ എടുത്തുകളയണമെന്നാണ് ഈ ഭേദഗതികൊണ്ടു ഞാൻ ആവശ്യപ്പെടുന്നതു. ഈ വകുപ്പനുസരിച്ച് ഗവണ്മെണ്ടിനു കാർഷികാദായനികുതിയെ സംബന്ധിച്ചുള്ള വ്യവസ്ഥകളും മാറുകയും മറിക്കുകയും ചെയ്യുന്നതിനുള്ള അധികാരം കൊടുക്കുന്ന ഈ വകുപ്പിന്റെ അനാശാസ്യതയെക്കുറിച്ചു വീണ്ടും ഇവിടെ ആവർത്തിക്കണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. എ. ജെ. ജാൺ: അതേകാരണംകൊണ്ടുതന്നെ ഞാൻ ഇതിനെ എതിർക്കുന്നു. ഇതു ഗവണ്മെണ്ടിനു കിട്ടാനുള്ള ആദായത്തെ ഇല്ലാതാക്കുന്നതിനു വേണ്ടിയല്ല. നേരേമറിച്ച് ഇപ്രകാരം എതെങ്കിലും കാരണവശാൽ ഒരു ഭേദഗതിയുടെ ആവശ്യമുണ്ടെന്നു ഗവണ്മെണ്ടിനു ബോദ്ധ്യമാകുന്നപക്ഷം അതിനുള്ള അധികാരം ഉപയോഗിക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ഒരു ക്ലാസ്സ് ഇതിൽ ചേർത്തിരിക്കുന്നതു. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Sri. A. J. John: I move:

Renumber clause 13, as sub-clause (1) of that clause and add the following as sub-clause (2):

LIBRARY ARCHIVES Kerala Legislative Assembly

"(2) Notwithstanding anything contained in this Act, the Government may, in cases where they are satisfied that owners or cultivators of land have consolidated their holdings for purposes of beneficial enjoyment or for development of agriculture, allow such reduction in the rate of agricultural income tax payable as may be prescribed in that behalf."

ഈ ഭേദഗതിയുടെ ഉദ്ദേശം ചെറിയചെറിയ കക്ഷണങ്ങളായി കിടക്കുന്ന ഭൂമികളെ ഒന്നിച്ചുചേർത്തു കൃഷിചെയ്യുന്നതിനുവേണ്ടി പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണു്. അങ്ങനെ കൃഷിചെയ്തു വലുതായ ആദായം ഉണ്ടാകുന്നപക്ഷം അവക്കു ചില സൌജന്യങ്ങളും ചെയ്തുകൊടുക്കുന്നതിനു് ഗവണ്മെണ്ടിനധികാരം ഉണ്ടായിരിക്കണം എന്നുള്ളതാണു് ഈ ഭേദഗതി ഇവിടെ ഹാജരാക്കിയിരിക്കുന്നതിന്റെ ഉദ്ദേശം. ഇതു ലോകം മുഴുവനും അംഗീകരിച്ചിരിക്കുന്ന ഒരു തത്വമാണു്. അങ്ങിനെ കൂട്ടുകൃഷി വളർത്തിപ്പിക്കുകയാണെങ്കിൽ അവക്കു് ചില സൌജന്യങ്ങളും ചെയ്തുകൊടുക്കുന്നതിനു് ഗവണ്മെണ്ടിനധികാരം ഉണ്ടായിരിക്കും.

Sri. K. Sivarama Pillai: Is the Government going to fix a uniform rule for this or for each case the Government propose to frame a rule ?

ശ്രീ. എ. ജെ. ജാൺ: അതു് ഓരോ ഇൻഡിവിഡുവൽ കേസ്സിനെ സംബന്ധിച്ചാണു്. അതു സന്ദർഭമനുസരിച്ചു് ആലോചിക്കാവുന്നതാണു്.

Sri. K. Sivarama Pillai: Sir, I oppose this amendment. It leads to too much or favouritism by Government. This Section is not a healthy one in the Act.

Sri. A. Thanu Pillai: Sir, I too oppose this amendment. This is a measure intended to tax large incomes and to import into such a measure considerations alien to the object is itself objectionable. But there may be suitable cases which may be taken into account. Here, if more than one person join together and cultivate on a large scale and make profits, I do not see why the normal fiscal law should not apply to the profits made in such undertakings. If this argument is pursued further we can as well make a provision that whoever makes a large income may be excluded from Income Tax. Such undertakings may be, in one case, to produce more, and as such may be exempted from taxation. In another case it may be a question of food stuffs which also may be exempted; and in a third case the undertaking may be for the good of the society and that may also be exempted. If you go on applying this criterion there will be no end, and finally, there will be no assessment. But in the case of a combine for agricultural purposes, they have to spend less and profits will be more than what they would get by individual effort. Sir, the basic idea of this amendment works only for the benefit of individuals who do cultivation jointly. No doubt, we should encourage joint effort. If they produce more the State will be only thankful to them. But so far as taxation is concerned that is no reason why they should be given exemption. If they produce more by joint effort let us take less form them. I am surprised how the Treasury Bench can put in such a provision. The Hon'ble Finance Minister has stepped out of his way to give concession to this type of assessees. I very strongly oppose the Amendment.

ശ്രീ. ഇട്ടിര അമ്മുക്കൻ: സർ, ഞാൻ ഈ ഭേദഗതിയെ ബലമായി പിൻതാങ്ങുന്നു. ഈ രാജ്യത്തെ ചെറുകിട ചില്ലറ കൃഷിക്കാർക്കു് ഏതെങ്കിലും തരത്തിൽ പ്രോത്സാഹനം കൊടുക്കണമെന്നുദ്ദേശിച്ചാണു് ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. സാധാരണക്കാരായ ജനങ്ങളുടെ ജീവിതത്തോതുയർത്തണമെന്നു പ്രസംഗിച്ചുകൊണ്ടിരിക്കുന്ന സോഷ്യലിസ്റ്റു് പാർട്ടിയും സോഷ്യലിസ്റ്റു് വ്യവസ്ഥിതിയിൽ വിശ്വസിക്കുന്നവരും ഇപ്രകാരമുള്ള ഒരു ഭേദഗതിയെ എതിർക്കുന്നതു കാണുന്നതിൽ എനിക്കു വളരെ ഖേദമുണ്ടു്. കൂട്ടുകൃഷിക്കു് ധനവാന്മാരായ ആരുംതന്നെ പോകുകയില്ല. രണ്ടു പറക്കു നിലമൊ നാലു പറക്കു നിലമൊ ഉള്ള ഞങ്ങളാണു് ഇപ്രകാരമുള്ള കൂട്ടുകൃഷിസമ്പ്രദായത്തിലേക്കു് പോകുവാൻ ആഗ്രഹിക്കുകയുള്ളു. അവരെ സംബന്ധിച്ചിടത്തോളം ഈ ഒരാനുകൂല്യം ഈ ഗവണ്മെണ്ടു് ചെയ്തുകൊടുക്കാം എന്നു വച്ചതിൽ ഈ ഗവണ്മെണ്ടിനെ അനുമോദിക്കുകയാണു് വേണ്ടതു്. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ ബലമായി പിൻതാങ്ങുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: കൂട്ടുകൃഷിസമ്പ്രദായത്തെപ്പറ്റി പറയുന്നതു കേട്ടതുകൊണ്ടാണു് ഞാൻ രണ്ടുവാക്കു പറയണമെന്നു വിചാരിച്ചതു്. ശ്രീമാൻ അമ്മുക്കനെപ്പോലുള്ളവർക്കു് ഏതെങ്കിലും രൂപത്തിൽ കുറെ മലകളിൽ കിടക്കുന്ന വസ്തുക്കൾകൂടി സമ്പാദിക്കുന്നതിനുവേണ്ടി പരസ്പരസഹായസംഘങ്ങളുടെ പേരിൽ കൂട്ടുകൃഷി എന്നും മറ്റും പറഞ്ഞു പ്രതിപ്പിച്ചെടുക്കുന്നതിനുള്ള.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടീര അമ്പുക്കൻ: ഇതുപോലെ കൂട്ടുകൃഷിസമ്പ്രദായത്തിൽ മലയിൽ സ്ഥലം പതിച്ചെടുക്കുന്നതിനല്ല. ഞാൻ മലംപ്രദേശത്തല്ല തീരപ്രദേശത്താണു് താമസിക്കുന്നതെന്നു ബഹുമാനപ്പെട്ട മെമ്പർക്കു് അറിയാമോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: എന്നാൽ ഞങ്ങളുടെ മലകളിലേക്കു വരാൻ പോകുകയാണു്. ഈവിധത്തിലുള്ള കൂട്ടുകൃഷി ഇന്നു ഇവിടെ എവിടെയാണു് നടക്കുന്നതു് എന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിക്കുന്നു? യഥാർത്ഥത്തിൽ കൂട്ടുകൃഷിസമ്പ്രദായത്തിൽ എല്ലാപേരുമായി മുതൽമുടക്കി എല്ലാപേരുമായി വേലചെയ്തു് അതിൽനിന്നു കിട്ടുന്നതായ അനുഭവം ഒന്നിച്ചെടുത്തു സമമായി വീതിച്ചെടുക്കുന്ന കൂട്ടുകൃഷിവ്യവസായം തിരുവിതാംകൂറിൽ എവിടെയെങ്കിലുമുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു കാണിക്കാൻ സാധിക്കുമോ? എങ്കിൽ ഇതിനെ പിൻതാങ്ങുന്നതിനൊരുക്കമാണു്. ബനാമി ആയി കുറെ ആളുകളുടെ പേരു വച്ചിട്ടു കൂട്ടുകൃഷിസമ്പ്രദായത്തിൽ വസ്തുക്കൾ വാങ്ങിച്ചു ഒന്നോ രണ്ടോ വ്യക്തികൾകൂടി കൈവശത്തക്കേടു അനുഭവിച്ചിട്ടു കരംകൊടുക്കേണ്ട സമയത്തു കൂട്ടുകൃഷി സമ്പ്രദായത്തിൽ കൃഷിചെയ്യുകയാണെന്നു പറഞ്ഞു ഒഴിയുന്നതിനുള്ള ഒരു സൌകര്യം ചില കള്ളന്മാർക്കു് നല്കുകമാത്രമാണു് ഇതുകൊണ്ടുണ്ടാകുന്നതു്. ഈ ക്ലാസ്സു് നിരാകരിക്കാതിരിക്കുകയാണെങ്കിൽ ചില വ്യക്തികൾക്കു് കരം കൊടുക്കാതെ ഇരിക്കുന്നതിനു സാധിക്കുന്നതാണു്. അപ്രകാരമുള്ള ഒരു വ്യവസ്ഥയാണു് ഇതു്. ഇതിനെ ഞാൻ എതിർക്കുന്നു.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. കൂട്ടുകൃഷി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചുവരികയാണു്. എന്നാൽ അതു ചില ആളുകൾ കളിപ്പിക്കാൻവേണ്ടി മറ്റു ചിലരുടെ പേരിൽ അങ്ങിനെ പലതും ചെയ്യുന്നുണ്ടായിരിക്കാം. അതേപ്പറ്റി ഇപ്പോൾ പറയേണ്ട ആവശ്യമില്ല. കൂട്ടുകൃഷിമൂലം ചില്ലറ കൃഷിക്കാരുടെ വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനു് സഹകരണസംഘങ്ങൾ മുഖേന വിജയകരമായി നടത്താം എന്നു അറിയാവുന്ന ഒരാളാണു് ഞാൻ. അങ്ങിനെയുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതു് ഈ സ്റ്റേറിനു വളരെ അത്യാവശ്യമായിട്ടുള്ള ഒരു സംഗതിയാണു്. ആ മാതിരി സന്ദർഭങ്ങളിൽ എന്തെങ്കിലും ആനുകൂല്യം ചെയ്തുകൊടുക്കേണ്ടതു് ആവശ്യമാണു്. അതായതു് ഗവണ്മെണ്ടു് നികുതി ഇളവുചെയ്തുകൊടുക്കുക മുതലായ സൌകര്യം ചെയ്തുകൊടുക്കേണ്ടതു് സാവ്രുതികമാണെന്നാണു് എനിക്കു പറയാനുള്ളതു്. അതുകൊണ്ടു് ഈ ഭേദഗതി വളരെ ആവശ്യമാണു്.

ശ്രീ. എ. ജെ. ജാൺ: സർ, ഈ ഭേദഗതിയെ ബഹുമാനപ്പെട്ട പട്ടം താണുപിള്ള എഴുന്നതിൽ ഞാൻ അതിശയിക്കുന്നു. സാധാരണയായി ലോകത്തിൽ എവിടേയും കോ-ഓപ്പറേറിവു് ഫാമിംഗ് വേണമെന്നും അതിലേക്കുള്ള പ്രചരണം നടത്തിക്കൊണ്ടിരിക്കയുമാണു്. ആ നിലയ്ക്കു് തിരുവിതാംകൂറിൽ അതുപാടില്ല അതിനെ പ്രോത്സാഹിപ്പിക്കരുതെന്നു പറയുന്നതെന്തുകൊണ്ടാണെന്നു് മനസിലാകുന്നില്ല. ഗവണ്മെണ്ടിന്റെ യുക്തമനസരിച്ചു് ആവശ്യമെന്നു കാണുമ്പോൾ ചില സഹായങ്ങൾ ചെയ്യണമെന്നു മാത്രമേ ഇതുകൊണ്ടർത്ഥമുള്ളു. അതല്ലാതെ അപ്രകാരം സഹായിക്കുന്നതിലേക്കു് ഫൈനാൻസു് മന്ത്രിതന്നെ ഒരു പുതിയ വകുപ്പുകൊണ്ടുവന്നിരിക്കുന്നു എന്നു പറഞ്ഞാൽ അതു് വളരെ അർത്ഥവത്താണെന്നു തോന്നുന്നില്ല. ഈ ഭേദഗതി വളരെ ആവശ്യമാണു്.

Sri. K. P. Nilakanta Pillai: May I understand whether some agrarian revolution is going to be brought about by the Income Tax Act?

ശ്രീ. എ. ജെ ജാൺ: അഗ്രേറിയൻ റവലൂഷനെപ്പറ്റിയുള്ള കാര്യമല്ല ഇവിടെ പറഞ്ഞതു്. അതുകൊണ്ടു് ഈ വകുപ്പു് ഇവിടെ ആവശ്യമുള്ളതുതന്നെയാണു്. ഇവിടെ ഇപ്പോൾ നിലവിലിരിക്കുന്ന 107-ാം വകുപ്പു് മൂന്നാം ഉപവകുപ്പു് "Notwithstanding anything contained in this Act, Our Government may, in cases where they are satisfied that owners or cultivators of land have consolidated their holdings for purposes of beneficial enjoyment or for development of agriculture allow such reduction in the rate of income-tax payable as may be prescribed in that behalf."
എന്നുള്ളതിപ്പോഴും നിലവിലിരിക്കുന്ന ഒരു വകുപ്പാണു്. അതു സെലക്ടു് കമ്മിറ്റിയിൽ വന്നപ്പോൾ ചേർത്തില്ല എന്നമാത്രമേയുള്ളു.

Sri. K. Sivarama Pillai: Was there any application of that provision till now?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : അതു മിക്കവാറും അങ്ങിനെയുണ്ടായിരുന്നു. ഇന്നു തിരുവിതാംകൂർ കൊച്ചിശവമ്മേണ്ടിനും കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കണമെന്നു തന്നെയാണു് ഉദ്ദേശം.

Sri. K. Sivarama Pillai: In such cases, will it not be better to definitely fix the rate and give the concession?

ശ്രീ. എ. ജെ. ജാൺ : അതേപ്പറ്റി ആലോചിക്കാവുന്നതാണു്.

The amendment was put and carried.

The question that clause 13, as amended, stand part of the Bill was put and carried.

Clause 13 as amended was added to the Bill.

Clause 14 & 15

The question that clauses 14 and 15 stand part of the Bill was put and carried.

Clauses 14 and 15 were added to the bill.

Clause 16

ശ്രീ. എൻ. പി. വറുഗീസു് : സർ, എന്റെ ഭേദഗതി ഇതാണു്.

ശ്രീ. സി. സി. പ്രസാദു് : സർ, ഒരു പോയിന്റു് ഓഫ് ആർഡർ. സാധാരണ സഭാനടപടികൾ ആരംഭിക്കുന്നതിനു മുമ്പായിട്ടു് അടിയന്തിരപ്രമേയങ്ങൾ വല്ലതും ഉണ്ടെങ്കിൽ അതു സ്വീകരിക്കുകയോ അല്ലെങ്കിൽ തള്ളിക്കളഞ്ഞിരിക്കുന്നു എന്നു പറയുകയോ ചെയ്യുന്ന ഒരു പതിവുണ്ടു്. ഞാൻ ഒരടിയന്തിരപ്രമേയം അയച്ചിട്ടുണ്ടായിരുന്നു. അതിനെപ്പറ്റി ഒന്നും പറയാതെ സഭാനടപടികൾ ആരംഭിച്ചു തുടർന്നുകൊണ്ടുപോകുന്നതു് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ : അടിയന്തിരപ്രമേയത്തെ സംബന്ധിക്കുന്ന വാദപ്രതിവാദമല്ല ഇപ്പോൾ ഇവിടെ നടക്കുന്നതു്. കാർഷികാദായനികുതി ബില്ലിന്റെ രണ്ടാം വായന നടക്കുന്ന ഈ സന്ദർഭത്തിൽ അടിയന്തിരപ്രമേയത്തെപ്പറ്റിയുള്ള ചോദ്യം സംഗതമല്ല.

ശ്രീ. സി. സി. പ്രസാദു് : നടത്തുടങ്ങിയപ്പോൾതന്നെ അതിനെപ്പറ്റി തീരുമാനിച്ചിട്ടു് മറ്റു നടപടികൾ ആരംഭിക്കുകയല്ലേ ശരിയെന്നാണു് എനിക്കറിയേണ്ടതു്?

Mr. Speaker: The member has been already told that the question raised not being relevant to the issue before the House cannot be allowed to be discussed.

ഇനി മേലാലെങ്കിലും സഭാ നടപടികൾക്കു് അനുയോജ്യമല്ലാത്ത വാദഗതി സ്വീകരിക്കുകയോ പ്രശ്നം ഉന്നയിക്കയോ ചെയ്യാതിരുന്നാൽ കൊള്ളാമെന്നു് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. മെമ്പർ ഇപ്പോൾ ഉന്നയിക്കുന്ന പ്രശ്നം സഭയിൽ ഇപ്പോൾ നടക്കുന്നതോ മുമ്പെ നടന്നതോ ആയ ഒരു സംഗതിയേയും ബന്ധിക്കുന്നതല്ല.

ശ്രീ. സി. സി. പ്രസാദു് : ഞാൻ പറയുന്നതു് അതിനുമുമ്പുള്ള കാര്യത്തെ പറ്റിയാണു്. എന്റെ അടിയന്തിരപ്രമേയം സ്വീകരിച്ചോ തള്ളിയോ എന്നു പറയാതിരുന്നതു് തെറ്റല്ലേ എന്നാണു് ഞാൻ ചോദിക്കുന്നതു്.

മിസ്റ്റർ സ്പീക്കർ : അടിയന്തിരപ്രമേയങ്ങളെ സംബന്ധിച്ചു് എത്ര നടപടിയാണു് സ്വീകരിക്കുന്നതു് എന്നു് ഇതിനു മുമ്പുതന്നെ വളരെ വ്യക്തമായി സഭയിൽ പ്രസ്താവിച്ചിട്ടുള്ളതാണു്. പ്രഥമദൃഷ്ടിയിൽതന്നെ സ്വീകാര്യമല്ലെന്നു കാണുന്ന അടിയന്തിരപ്രമേയത്തെപ്പറ്റി സഭയിൽ യാതൊരു പ്രസ്താവനയും ചെയ്യുന്നതല്ലെന്നും അവയെ സ്വീകരിക്കാതിരിക്കുന്നതിനു് അടിസ്ഥാനമാക്കിയ കാരണങ്ങൾ തന്നെയും എന്താണെന്നു വെളിപ്പെടുത്തണമെന്നില്ലെന്നും ഏതെങ്കിലും അടിയന്തിരപ്രമേയത്തെപ്പറ്റി സഭയുടെ അഭിപ്രായം അറിയുന്നതിനായി സഭയിൽ പ്രസ്താവിക്കാതിരുന്നാൽ സ്പീക്കർ ആ പ്രമേയം തള്ളിയിരിക്കുന്നതായി കരുതേണ്ടതാണെന്നും സഭയിൽ ചെയ്തിട്ടുള്ള പ്രസ്താവന ബഹു. മെമ്പറുടെ അറിവിനായി ഒന്നുകൂടി ആവർത്തിക്കുന്നു.

Sri. N. P. Varghese: I move:

In clause 16, sub-clause (1), after the word "members" add as proviso:

"Provided that the members of the Tribunal so appointed shall be from among judical officers not below the rank of a District Judge or from among the advocates of at least ten years standing".

LIBRARY ARCHIVES Kerala Legislative Assembly

[Sri. N. P. Verghese]

ഒന്നാം ഉപവകുപ്പിന് ഒരു പ്രൊവൈസോ കൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി. ട്രിബ്യൂണലിൽ നിന്നും ആദായനികുതി തിട്ടപ്പെടുത്തുന്നതിന് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ ആദായം തിട്ടപ്പെടുത്തുമ്പോൾ പല ക്രമക്കേടുകളും കാണിക്കാറുണ്ട്. ഈ നികുതി എളുപ്പത്തിൽ തിട്ടപ്പെടുത്താൻ സാധിക്കാത്ത ഒരു നികുതിയാണെന്നുള്ളതാണ് അതിനു കാരണം. കണക്കുകൾ നോക്കി നികുതി തിട്ടപ്പെടുത്തണമെന്നാണ് വ്യവസ്ഥ. എന്നാൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ശരിയായ കണക്കുകൾ സൂക്ഷിക്കുകയോ ആദായനികുതി ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ ഹാജരാക്കുകയോ സാധ്യമല്ലാതെ വരുന്ന സന്ദർഭങ്ങളിൽ ഉദ്യോഗസ്ഥന്മാർ ആർബിട്രറിയായിട്ടാണ് ആദായം തിട്ടപ്പെടുത്തുന്നതു്. അങ്ങനെ ആദായം തിട്ടപ്പെടുത്തുമ്പോൾ അതിൽ പല ക്രമക്കേടുകളും സംഭവിക്കാനിടയുണ്ട്. ആദായനികുതി ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്മേൽ അപ്പീൽ കൊടുക്കാനുള്ള അവകാശം അനുവദിച്ചിട്ടുണ്ട്. ആ അപ്പീൽ കേട്ടു തീരുമാനിക്കുന്നതിനായി നിയമിതമാകുന്ന ട്രിബ്യൂണലിൽ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരുണ്ടായിരിക്കരുതു് എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി ഞാൻ ഹാജരാക്കിയിരിക്കുന്നതു്. ട്രിബ്യൂണലിൽ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനാണുള്ളതെങ്കിൽ മിക്കവാറും ആദായനികുതി ഉദ്യോഗസ്ഥന്റെ തീരുമാനത്തെ ശരിവയ്ക്കുകയായിരിക്കും ചെയ്യുന്നതു്. അങ്ങനെ വരുമ്പോൾ കൃഷിക്കാരനു് നീതി ലഭിക്കാൻ വിഷമമായിവരും. ഇൻഡ്യൻ നിയമമനുസരിച്ചു് ഒരു ജഡ്ജിയും, അക്കൊണ്ടൻസി സംബന്ധമായ കാര്യങ്ങളിൽ പരിചയം സിദ്ധിച്ചിട്ടുള്ള ഒരാളും, പിന്നെ ഒരു അഡ്വക്കേറ്റും ഉണ്ടായിരിക്കുമെന്നാണ് കാണുന്നതു്. ഞാൻ ഈ ഭേദഗതിക്കു് മറ്റൊരു ഭേദഗതി അയച്ചിട്ടുണ്ടു്. അതിൽ ട്രിബ്യൂണലിനെ ഒരംഗമെങ്കിലും പത്തുകൊല്ലത്തെ പ്രായോഗിക പരിജ്ഞാനമുള്ള ഒരു ജഡ്ജിയോ അഡ്വക്കേറ്റോ ആയിരിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നതു്. ആ ഭേദഗതി ഞാൻ ഇതോടൊന്നിച്ചു് ഹാജരാക്കാം. അതു് സ്വീകരിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : ഏതാണ്ടു് ഇതുപോലെ ഒരു ഭേദഗതി ഞാനും അയച്ചിട്ടുണ്ടു്. ആ ഭേദഗതി ഇതോടൊന്നിച്ചു് മൂവ് ചെയ്യാമെന്നു വിചാരിക്കുന്നു. അതായതു്,

"In clause 16(1), add the following as a proviso :—

"Provided that at least one member of the Tribunal so appointed shall always be from among judicial officers not below the rank of a District Judge or from among Advocates of at least ten years' standing".

ശ്രീ. എ. ജെ. ജാൺ : ശ്രീ. എൻ. പി. വറ്ഗീസിന്റെ ഭേദഗതിയെ സ്വീകരിക്കാൻ നിവൃത്തിയില്ല. ആ ഭേദഗതിയിൽ എല്ലാ അംഗങ്ങളും ജൂഡീഷ്യൽ ഉദ്യോഗസ്ഥന്മാരായിരിക്കണമെന്നാണ് പറയുന്നതു്. ഇൻഡ്യയിൽ മറ്റൊരിടത്തും ആ ഏർപ്പാടില്ല. അതു സാദ്ധ്യവുമല്ല. എന്നാൽ ശ്രീ. കൃഷ്ണമേനോന്റെ ഭേദഗതി സ്വീകാര്യമാണ്. അതു് ഞാൻ സ്വീകരിക്കുന്നു.

ശ്രീ. എൻ. പി. വർഗ്ഗീസ് : ശ്രീ. കൃഷ്ണൻകുട്ടിമേനോന്റെ ഭേദഗതിയെ ഞാനും അനുകൂലിക്കുന്നു. എന്റെ ഭേദഗതിയോടു കൂടിയ ഭേദഗതിയാണ് അതു്. അതുകൊണ്ടു് അതു ഞാൻ സ്വീകരിക്കുകയും, ആദ്യത്തെ ഭേദഗതി പ്രസ്സു് ചെയ്യാതിരിക്കയും ചെയ്യുന്നു.

Mr. Speaker: I take it that the House has no objection to the amentment moved by Mr. N. P. Verghese being withdrawn and the amendment of Mr. Krishnankutty Menon being accepted.

The amendment moved by Sri N. P. Verghese was, by leave withdrawn.

The amended moved by Krishnankutty Menon was adopted.

The question that clause 16, as amended, stand part of the Bill was put and carried.

Clause 16 as amended was added to the Bill.

Clause 17

The question that clause 17 stand part of he Bill was put and carried.

Clause 17 was added to the Bill

LIBRARY ARCHIVES Kerala Legislative Assembly

Clause 18

Sri. A. K. Patchu Pillai : I move.

Omit sub-clause (5) to section 18 and renumber the remaining sub-clauses.

ഇൻകം ടാക്സ് അസസ്സ് ചെയ്യുന്ന വിധത്തെപ്പറ്റി ഇതിനുമുമ്പ് ഒരു വകുപ്പിൽ ചർച്ച ചെയ്തിരുന്നു. ഇതുവരെ ഈ ആക്ടിന്റെ സ്കീം അനുസരിച്ചു തുടർന്നുകൊണ്ടിരുന്ന ഒഴുക്കിനെ കുഞ്ഞിത്തിരിച്ചു് ഒരു പ്രത്യേകമായ വഴിയിൽക്കൂടി വിടുന്ന ഒരു വ്യവസ്ഥയാണ് ഈ ഉപവകുപ്പിൽ ചേർത്തിരിക്കുന്നതു്.

"In the case of a registered firm the sum payable by the firm itself shall not be determined but the total income of each partner of the firm including therein his share of its income, profits and gains of the previous year shall be assessed and the sum payable by him on the basis of such assessment shall be determined".

ഫേംസിന്റെ കാര്യത്തിൽ ഒരു പ്രത്യേക രീതിയാണ് സ്വീകരിക്കേണ്ടതെന്നാണ് ഈ അഞ്ചാം ഉപവകുപ്പു് അനുശാസിക്കുന്നതു്. ഏതാനും നിമിഷം മുമ്പു് ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അവർകളുടെ നമ്പർ ഭേദഗതിക്കു് മറുപടിപറഞ്ഞ അവസരത്തിൽ ജായിന്റെ ഫാമിലിയെ ഒരൊറ്റ യൂണിറ്റായി ഗണിച്ചു് ആദായം കണക്കാക്കി നികുതി ചുമത്തുക എന്ന തത്വമാണ് സ്വീകരിച്ചിരിക്കുന്നതെന്നു് വ്യക്തമായി ബഹുമാനപ്പെട്ട ഫൈനാൻസ മന്ത്രി പ്രസ്താവിക്കയുണ്ടായി. അതിനുശേഷം ആ തത്വത്തിനു കടകവിരുദ്ധമായി ഇങ്ങനെ ഒരു ഉപവകുപ്പു് ഈ ബില്ലിൽ വച്ചുകൊണ്ടാരിക്കുന്നതിനു് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമെന്നു് വിചാരിക്കാൻ യാതൊരു നിവൃത്തിമാർഗവുമില്ലായിരുന്നു. എന്നാൽ വിസ്മയാവഹമായ വസ്തുത മുമ്പു് അദ്ദേഹം പ്രഖ്യാപനം ചെയ്ത തത്വത്തെ ഏതാനും നിമിഷങ്ങൾക്കുള്ളിൽ കാറ്റിൽപ്പറത്തി പാപ്പിച്ചു കൊണ്ടു് ഒരു പുതിയ തത്വം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുകയാണു് ഇപ്പോൾ ചെയ്തിരിക്കുന്നതു്. ഈ സഭയിൽത്തന്നെ ഇതിനുമുമ്പു് പല അവസരങ്ങളിലും ഈ ഗവണ്മെന്റു് ഒരു മുതലാളി ഗവണ്മെന്റല്ലെങ്കിൽ, മുതലാളി പക്ഷപാതിത്വമുള്ള ഒരു ഗവണ്മെന്റാണ് എന്ന ആക്ഷേപമുണ്ടായിട്ടുണ്ടെങ്കിൽ അതു് അക്ഷരംപ്രതി ശരിയാണു് എന്നു തെളിയിക്കുന്ന ഒരു വകുപ്പാണു് ഇതു്. തിരുവിതാംകൂർ-കൊച്ചി സംയോജനം കഴിഞ്ഞതിനുശേഷം കോട്ടഫീസിനെ സംബന്ധിച്ചും മറ്റും പല ബില്ലുകളും ഇവിടെ പാസാക്കി എടുത്തിട്ടുണ്ടു്. ആ അവസരങ്ങളിലെല്ലാം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു ഷൈലാക്കിനെപ്പോലെ അവസാനക്കാശുവരെ എണ്ണി ഈടാക്കാൻ വ്യഗ്രത പ്രദർശിപ്പിച്ചു എന്ന പരാതി ഉണ്ടായിട്ടുണ്ടു്. കോട്ടഫീസും മറ്റും സാധാരണക്കാരേയും പാവപ്പെട്ടവരേയും ബാധിക്കുന്നതാണു്. സാധാരണക്കാരനിൽ നിന്നും പാവപ്പെട്ടവനിൽ നിന്നും അവസാനക്കാശുവരെ എണ്ണിവാങ്ങാൻ വ്യഗ്രതയുള്ള ഒരു ധനകാര്യമന്ത്രിയാണു് ഇന്നു ഈ നിയമം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഇതു കുറച്ചുപേരെ മാത്രം ബാധിക്കുന്ന ഒരു നിയമമാണു്. ഒരു ഫേമിന്റെ കാര്യം വരുമ്പോൾ അതിനെ ഒരു വ്യക്തിയായിട്ടു് അല്ലെങ്കിൽ ഒരു യൂണിറ്റായിട്ടു് കണക്കാക്കാതെ ഓരോ പാട്ണറുടേയും ആദായം പ്രത്യേകം കണക്കാക്കി അതിനുമാത്രം ആദായനികുതി ചുമത്തുമെന്നാണു് ഈ അഞ്ചാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നതു്. ഇതുവരെ ഈ ബില്ലിൽ പിൻതുടർന്നുവന്ന തത്വത്തിനു് കടകവിരുദ്ധമായ ഒരു വ്യവസ്ഥയാണിതു്; ഇതുവരെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സ്വീകരിച്ചിരുന്ന നയത്തിന്റെ അടിസ്ഥാനതത്വത്തിനു തന്നെ എതിരായ ഒരു ഉപവകുപ്പാണു് ഇതു്.

ഈ ബില്ലിന്റെ പൊതുഘടനയെ സംബന്ധിച്ചു ചർച്ചാ വേളയിൽ ഞാൻ പറയുകയുണ്ടായി ഈ ബില്ലിലെ പല വകുപ്പുകളും സൂക്ഷ്മമായി പരിശോധിക്കുന്ന പക്ഷം അദൃശ്യമായ ചില ഹസ്തങ്ങളുടെ പ്രവർത്തനം കാണാൻ കഴിയുമെന്നു്. അതുവച്ചുകൊണ്ടു് ഞാൻ പറയുന്ന ആ അദൃശ്യമായ ഹസ്തങ്ങളുടെ ദുശ്യമായ പ്രവർത്തനമാണു് ഇവിടെ സ്പഷ്ടമായി തെളിഞ്ഞുകാണുന്നതെന്നു്. ഈ വിധത്തിൽ ഫേംസിനു് ഒരു സൌജന്യംകാണിക്കുന്നതിൽ യാതൊരു നീതികരണവുമില്ല. അങ്ങനെ ഏതാനും ആളുകൾക്കു് ലാഭമുണ്ടാക്കിക്കൊടുക്കുന്നതുകൊണ്ടു് ഭീമമായ ഒരു നഷ്ടമാണു് ഗവണ്മെന്റിനു് ഉണ്ടാകാൻ പോകുന്നതു്. നാലോ അഞ്ചോ പാട്ണർമാർ ഉള്ള ഒരു ഫേമിൽ നിന്നു വളരെ വലിയ ഒരു സംഖ്യ ആദായനികുതിയായി ഈടാക്കാനുള്ള സൌകര്യം ഉണ്ടായിരിക്കുമ്പോൾ അതിനെ വെട്ടിമുറിച്ചു് ഇണ്ടാക്കി ഓരോരുത്തരുടേയും ലാഭം കണക്കാക്കി തുലോം തുച്ഛമായ ഒരു സംഖ്യമാത്രം ആദായനികുതി ചുമത്തുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ഉപവകുപ്പിനെ ഞാൻ ശക്തിയായി

LIBRARY ARCHIVES Kerala Legislative Assembly

[Sri A. K. Patchu Pillai]

പ്രതിഷേധിക്കുകയും ഈ രാജ്യത്തെ സാമാന്യജനങ്ങളുടെ പേരിലും രാജ്യത്തിന്റെ ഉത്തമ താല്പര്യങ്ങളുടെ പേരിലും അതു് എടുത്തു് കളയണമെന്നുള്ള എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

Sri. K. P. Nilakanta Pillai: Sir, I also support this amendment. Again if reasons are advanced in support of the amendment, the Hon'ble Member in charge would oppose it by saying that we are ignorant about the provisions of this Act. Because it has become more or less a way, when arguments are wanting, to say something which will just catch some portion of the Press and show to petty minded persons that they have scored a victory over the opponent.

What is the question involved in this. Here is a firm, registered. If the firm has made a profit, I cannot understand what prevents the Income Tax authorities to assess the firm in accordance with the other provisions in the Bill. This Bill has been framed, considering the joint family as a single unit of taxation and an undivided Hindu family as a unit of taxation. What is it that prevents a firm to be considered as a unit and assessed on the accumulated profit? I ask the question whether Government are not incurring a loss by assessing the individual partners of the firm.

Then the other sub-clause deals with an unregistered firm. In the case of a registered firm, we can understand what is meant by the partners of the firm. In the case of an unregisted-ed firm, there may be no record. Some half-a-dozen persons may form into a unit and conduct the firm. Then the clause says that the Income Tax Officer should proceed in the manner laid down in the case of a registered firm. This means that the profits of the individual members must be assessed. Probably there is no principle in this provision. At any rate I am not able to see any. Again, I may be ignorant.

